കഥാമാല്യം നമ്പ്ര് 1.



# കാട്ടിലെവീട്

~~D. M. 2040~~

82047

SREE NARASIMHA VILASOM BOOK DEPOT
T.C.STATE
S INDIA.
*THURAVOOR*

കഥാമാല്യം നമ്പ്ര് 1

# കാട്ടിലെവീട്

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.
KOTTAYAM PUBLIC LIBRARY KOTTAYAM.
82047

ഗ്രന്ഥകർത്താ:

ടി. രാഘവൻ നായർ ബി എ, എൽ. ടി.

വില 8ണ.

ഒന്നാം പതിപ്പ് 1955.

പ്രസാധകന്മാർ:

ഹാജി കെ. പി. അഹമ്മദ്കുഞ്ഞി & ബ്രദർസ്

കണ്ണൂര്

അച്ചടി:

സിൽവർ ജൂബിലി പ്രസ്സ്, കണ്ണൂര്.

# മുഖവുര

82047

വിശ്വവിശ്രുതങ്ങളായ Grimm's Fairy Tales ൽ ആറെണ്ണമാണ് ഈ ചെറു പുസ്തകത്തിലെ ഉള്ളടക്കം. മലയാളത്തിലേക്കു യോജിക്കുമാറ് അവയിൽ ചില പരിഷ്കാരങ്ങൾ ചെയ്തിട്ടുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ.

ഒമ്പതു വയസ്സു പ്രായമുള്ള കുട്ടികളെ ഉദ്ദേശിച്ചാണ് ഈ പുസ്തകം എഴുതീട്ടുള്ളതു്.

ബാലസ്വഭാവത്തിന്നു പൌരസ്ത്യം, പാശ്ചാത്യം മുതലായ വ്യത്യാസം ഉണ്ടെന്നു തോന്നുന്നില്ല. പാശ്ചാത്യലോകത്തിലെ അനേകസഹസ്രം ചെറുവയസ്സരെ കോൾമയിർ കൊള്ളിച്ചിട്ടുള്ള ഈ കഥകൾ കേരളീയബാലികാബാലന്മാരും സ്വാഗതം ചെയ്യുമെന്നു വിശ്വസിക്കുന്നു.

ഗ്രന്ഥകർത്താ

# ഉള്ളടക്കം


1 കാട്ടിലെ വീട്

2 കടലിലെ സ്വർണ്ണകുമാരി

3 വെള്ളപ്പാമ്പ്

4 കഴുതക്കാബേജ്

5 സ്വർണ്ണമീൻ

6 മൂന്നു സംഗീത വിദ്വാന്മാർ

82047

# കാട്ടിലെ വീട്

വളരെക്കാലം മുമ്പ് ഒരു നാട്ടിൽ ഒരു വിറകുവെട്ടി ഉണ്ടായിരുന്നു. അവന്നു ഒരു ഭാര്യയും മൂന്നു പെൺകുട്ടികളും ആണ് ഉണ്ടായിരുന്നതു്. മാത, ഗീത, സീത എന്നായിരുന്നു പെൺകുട്ടികളുടെ പേർ. മാതക്ക് പതിനാറു വയസ്സായി, ഗീതക്ക് പതിനഞ്ചും, സീതക്ക് പതിനാലും. ദിവസേന നന്ന രാവിലെ വിറകുവെട്ടി മഴുവും എടുത്തു കാട്ടിലേക്കു വിറകുവെട്ടാൻ പോകും. ഉച്ചയാകുമ്പോഴേക്കും ഒരു തലച്ചുമട് വിറകുവെട്ടിയുണ്ടാക്കും. പിന്നെ അതു അടുത്തുള്ള ഒരു ചെറിയ പട്ടണത്തിൽ കൊണ്ടുപോയി വില്ക്കും. ആ പണവുംകൊണ്ട് ഇരുട്ടാകുന്നതിന്നു മുമ്പു് അവൻ വീട്ടിൽ മടങ്ങി എത്തുകയും ചെയ്യും. അങ്ങിനെ വിറകു വിററു കിട്ടുന്ന പണം കൊണ്ടു് അവർ ഒരു വിധം നാൾ കഴിച്ചുവന്നു.

ഒരു ദിവസം കാട്ടിലേക്കു പോകാൻ പുറപ്പെട്ടുനിന്ന വിറകുവെട്ടി അവൻെറ ഭാര്യയെ വിളിച്ചു ഇങ്ങിനെ പറഞ്ഞു, "സന്ധ്യയ്ക്കു മടങ്ങി വരുന്നതുവരെ ഒന്നും കഴിക്കാതെ പണിയെടുക്കുവാൻ കഴിയുന്നില്ല. ഉച്ചക്ക്

കുറച്ചു കഞ്ഞി മാതയുടെ കൈയിൽ കൊടുത്തയക്കണം". അപ്പോൾ ഭാര്യ ചോദിച്ചു, "നിങ്ങൾ ഉള്ള സ്ഥലം അവൾ എങ്ങിനെ അറിയും?" "കുറെ മുത്താറി ഒരു കടലാസ്സിൽ കെട്ടിത്തരൂ. അതു കുറേശ്ശ ഞാൻ കാട്ടിൽക്കൂടി പോകുന്ന വഴിയിൽ ഇട്ടുപോകാം. മാത അതു നോക്കി വരട്ടെ", എന്നും പറഞ്ഞു കുറെ മുത്താറിയും കൈയിലെടുത്തു വിറകുവെട്ടി കാട്ടിലേക്കു നടന്നു.

ഉച്ചയാകാറായപ്പോൾ അമ്മ ഒരു പാത്രത്തിൽ കുറെ കഞ്ഞിയെടുത്ത് മാതയുടെ കൈയിൽ കൊടുത്തു, അതു അച്ഛന്നു കൊണ്ടുപോയി കൊടുക്കാൻ പറഞ്ഞു. കാട്ടിൽ മുത്താറി കിടക്കുന്ന വഴിനോക്കി പോയാൽ അച്ഛൻെറ അടുക്കലെത്തുമെന്നും അവളോട് പറഞ്ഞു.

മാത കാട്ടിൽ എത്തി. അവിടെ ഒരു വഴിയിലും മുത്താറി ഇട്ടിട്ടുള്ളതായി അവൾ കണ്ടില്ല. വിറകുവെട്ടി ഇട്ടിട്ടുണ്ടായിരുന്ന മുത്താറിയെല്ലാം കാട്ടിലെ പക്ഷികൾ കൊത്തിത്തിന്നു കഴിഞ്ഞിരുന്നു. എങ്കിലും മാത ഒരു വഴിക്കു പോകാൻ തീർച്ചപ്പെടുത്തി. അവൾ കുറെ ദൂരം പോയി. അച്ഛനെ എവിടെയും കണ്ടില്ല. അവൾ പിന്നെയും മുമ്പോട്ടു നടന്നു. നേരം സന്ധ്യയായിത്തുടങ്ങി. ഇരുട്ടായപ്പോൾ വഴിയും കാണാതായി. കാട്ടിൽ നത്തും മൂങ്ങയും കരഞ്ഞു തുടങ്ങി; കുറുക്കന്മാരും. മാതക്കു വല്ലാതെ പേടി തോന്നി. കരച്ചിലും വന്നു. അപ്പോൾ കുറെ ദൂരത്തു അവൾ ഒരു വിളക്കിൻെറ വെളി

ച്ചം കണ്ടു. അവൾ ആ വഴിക്കു നടന്നു. ഒടുവിൽ ഒരു ചെറിയ വീട്ടിൻെറ മുമ്പിൽ എത്തി.

മാത ആ വീട്ടിലേക്കു കയറിച്ചെന്നു. മുമ്പിലുള്ള വാതിൽ അടച്ചിരുന്നു. മാത മെല്ലെ മെല്ലെ വാതിലിന്നു മുട്ടി. അപ്പോൾ ഉള്ളിൽനിന്നു, "ആരതു്? വാതിൽ തുറന്നു വരൂ" എന്നു ഭയങ്കരസ്വരത്തിൽ ആരോ പറഞ്ഞു. മാതയുടെ നെഞ്ച് ഇടിക്കുവാൻ തുടങ്ങി; കൈ വിറച്ചു. എങ്കിലും അവൾ വാതിൽ പതുക്കെ തുറന്നു. ആ മുറിയുടെ നടുവിൽ ഒരു മേശ ഉള്ളതായി അവൾ കണ്ടു. അതിൻെറ മേലെ ഒരു വിളക്കു കത്തുന്നുണ്ടു്. മേശക്കടുത്തു ഒരു വയസ്സായ ആൾ ഇരിക്കുന്നു. അയാളുടെ തല മുഴുവനും നരച്ചു വെളുത്തിരിക്കുകയാണു്. വെളുത്തു നീണ്ട താടി നിലംവരെ നീണ്ടുകിടക്കുന്നു. അയാളുടെ അടുത്തു നിലത്ത് ഒരു പൂവൻകോഴിയും ഒരു പിടക്കോഴിയും ഒരു പുള്ളിപ്പശുവും കിടക്കുന്നുണ്ടു്.

ആ വയസ്സൻ മാതയെ ഒന്നു നല്ലവണ്ണം നോക്കി. പിന്നെ അവളോട് "എന്താ വേണ്ടതു?" എന്നു ചോദിച്ചു. മാത തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു, "ഞാൻ എൻെറ അച്ഛന്നു കഞ്ഞിയുംകൊണ്ടു് കാട്ടിൽ വന്നതായിരുന്നു. അച്ഛനെ എവിടെയും കണ്ടില്ല. രാത്രിയായതുകൊണ്ടു ഇവിടെ വന്നതാണു്. എന്നെ ഈ രാത്രി ഇവിടെ പാക്കുവാൻ അനുവദിക്കണം." അപ്പോൾ ആ വയസ്സൻ അടുത്തു കിടക്കുന്ന ആ പൂവൻകോഴിയേയും പി

ടക്കോഴിയേയും പുള്ളിപ്പശുവിനേയും നോക്കിക്കൊണ്ടു് "ഇവളെ ഇവിടെ പാൎപ്പിക്കാമൊ?" എന്നു ചോദിച്ചു. ഉടനെ അവ ഒന്നിച്ചു "ബ്യൂ, ബ്യൂ" എന്നൊരു ശബ്ദമുണ്ടാക്കി. അതിന്റെ അൎത്ഥം അവളെ അവിടെ പാൎപ്പിക്കുന്നതു അവക്കു സമ്മതമാണെന്നായിരുന്നു. അതു കേട്ടപ്പോൾ കിഴവൻ മാതയോടു് പറഞ്ഞു, "ശരി ഈ രാത്രി നിണക്കു് ഇവിടെ പാൎക്കാം. അടുക്കളയിൽ എല്ലാ സാധനങ്ങളും ഉണ്ടു്. ചോറും കറിയും ഉണ്ടാക്കിക്കൊണ്ടുവരു."

മാത ഊൺ തയ്യാറാക്കി മേശപ്പുറത്തു കൊണ്ടുവന്നു വെച്ചു. ആ വയസ്സനും അവളുംകൂടി ഊൺ കഴിച്ചു. പിന്നെ മാത ആഹാരം കഴിച്ചു, പാത്രങ്ങൾ എല്ലാം എടുത്തുകൊണ്ടുപോയി കഴുകിവെച്ചു. എന്നിട്ടു അവൾ വയസ്സനോടു് ചോദിച്ചു, "ഉറക്കമുറി ഏതാണ്?" അപ്പോൾ പൂവൻകോഴിയും പിടക്കോഴിയും പുള്ളിപ്പശുവും ഒന്നിച്ചു "ഭോ, ഭോ" എന്നൊരു ശബ്ദമുണ്ടാക്കി. "നിങ്ങൾ രണ്ടാളും ഊൺകഴിച്ചു വിശപ്പടക്കി; ഞങ്ങൾക്കു് ഒന്നും തന്നില്ല" എന്നായിരുന്നു ആ ശബ്ദത്തിന്റെ അൎത്ഥം. മാതക്കു് അതൊന്നും മനസ്സിലായില്ല. അവൾ മുകളിൽപോയി ഒരു മുറിയിൽ ഇട്ടിട്ടുണ്ടായിരുന്ന ഒരു കട്ടിലിൽ കിടക്ക വിരിച്ചു കിടന്നു. അല്പനേരംകൊണ്ടു ഉറങ്ങിപ്പോവുകയും ചെയ്തു.

അൎദ്ധരാത്രിയായപ്പോൾ ആ വയസ്സൻ മാത കിടക്കുന്ന മുറിയിലേക്കു വന്നു. അവൾ കിടന്നിരുന്ന കട്ടി

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.



ലിന്മേൽ ഒരു കൈ വെച്ചു അയാൾ എന്തൊക്കെയോ പതുക്കെ മന്ത്രിച്ചു. ഉടനെ ആ കട്ടിൽ മാത്തയോടുകൂടി നിലംപിളൎന്നു താഴത്തേക്കു ഇറങ്ങി കാണാതായി.

വിറകുവെട്ടി അന്നു സന്ധ്യക്കു പതിവുപോലെ വീട്ടിൽ മടങ്ങിഎത്തി, ഭാൎയ്യയോടു് "എന്താ, കഞ്ഞി കൊടുത്തയച്ചില്ലേ?" എന്നു ചോദിച്ചു. മാത്തയുടെ കയ്യിൽ കഞ്ഞി കൊടുത്തയച്ചിരുന്നു എന്നു പറഞ്ഞപ്പോൾ, "എന്നാൽ അവൾ വഴിതെററി എങ്ങാനും പോയിരിക്കും. നാളെ രാവിലെ വരും. പേടിക്കാനൊന്നുമില്ല" എന്നു പറഞ്ഞു ഭാൎയ്യയെ സമാധാനിപ്പിച്ചു. രാത്രി അങ്ങിനെ കഴിഞ്ഞുപോയി.

പിറേറന്നു രാവിലെ വിറകുവെട്ടി കാട്ടിലേക്കു പോകുമ്പോൾ ഭാൎയ്യയോടു "ഇന്നു ഗീതയുടെ കൈയ്യിൽ കഞ്ഞികൊടുത്തയക്കു. ഞാൻ കുറെ കടല കൈയ്യിൽ എടുത്തിട്ടുണ്ടു്. അതു കുറേശ്ശ കാട്ടിൽകൂടി പോകുന്ന വഴിയിൽ ഇട്ടുപോകാം. കടല മുത്താറിയേക്കാൾ വലുപ്പമുള്ളതാണല്ലൊ. അതുകൊണ്ടു ഗീതക്കു വഴി കണ്ടറിയുവാൻ പ്രയാസമുണ്ടാവില്ല." എന്നുംപറഞ്ഞു കാട്ടിലേക്കു പോയി. ഉച്ചയായപ്പോൾ ഗീത കഞ്ഞിയുമായി കാട്ടിലേക്കു പുറപ്പെട്ടു. കാട്ടിൽ എത്തി, വഴിയിൽ കടല കിടക്കുന്നുണ്ടോ എന്നു അവൾ സൂക്ഷിച്ചുനോക്കി. ഒരു വഴിയിലും ഒരു കടലമണിയെങ്കിലും അവൾ കണ്ടില്ല. കടലമണിയെല്ലാം കാട്ടിലെ പക്ഷികൾ കൊത്തിത്തിന്നു കഴിഞ്ഞിരുന്നു.

ഗീത ഒരു വഴിക്കു നടന്നുപോയി. എത്ര പോയിട്ടും അ ച്ഛനെ എവിടെയും കണ്ടില്ല. നേരം സന്ധ്യയായി, ഇ രുട്ടു പരന്നുതുടങ്ങി. നത്തും ക്രമനും കരഞ്ഞുതുടങ്ങി; കു റുക്കനും. ഇരുട്ടിൽ വഴിയും കാണാതായി. അങ്ങിനെ നടക്കുമ്പോൾ ഗീത ദൂരത്തു ഒരു വിളക്കിൻെറ വെളിച്ചം കണ്ടു; ആ വഴിക്കു നടന്നു. അവളും മാതു കണ്ടെത്തിയ വീട്ടിൻെറ മുമ്പിൽ എത്തിച്ചേൎന്നു. വീട്ടിൻെറ വാതി ൽ അടച്ചിരുന്നു. ഗീത വാതിലിന്നു മെല്ലെ മുട്ടി. അ പ്പോൾ "ആരത്? വാതിൽ തുറന്നുവരൂ" എന്നു ഒരു പ രുക്കൻ സ്വരത്തിൽ ആരോ ഉള്ളിൽനിന്നു പറഞ്ഞു. ഗീത ഉള്ളിൽ ചെന്നപ്പോൾ തലേന്നു രാത്രി മാതു കണ്ട തുപോലെതന്നെ ആ വയസ്സനേയും പൂവൻകോഴിയേയും പിടക്കോഴിയേയും പുള്ളിപ്പശുവിനേയും കണ്ടു. അവ ളും കാട്ടിൽ വരാനുള്ള കാരണം വയസ്സനെ അറിയിച്ചു. അന്നു രാത്രി അവിടെ പാൎക്കുന്നതിന്നു് അനുവദിക്കണ മെന്നു അപേക്ഷിക്കയും ചെയ്തു. അപ്പോൾ ആ വയ സ്സൻ ആ പൂവൻകോഴിയേയും പിടക്കോഴിയേയും പു ള്ളിപ്പശുവിനേയും നോക്കിക്കൊണ്ടു അവയോടു ചോദി ച്ചു, "ഇവളെ ഇവിടെ പാൎപ്പിക്കാമോ?" "ബൃ, ബൃ" എ ന്നു അവ ഒന്നിച്ചു ശബ്ദമുണ്ടാക്കി. വയസ്സൻ ഗീതയോ ടു പറഞ്ഞു, "ശരി, നിണക്കു ഈ രാത്രി ഇവിടെ പാ ൎക്കാം. അടുക്കളയിൽ എല്ലാ സാധനങ്ങളുമുണ്ടു്. ചോ റും കറിയും ഉണ്ടാക്കിക്കൊണ്ടു വരൂ." ഗീത ഉടനെ അടുക്കളയിൽ പോയി കഴിയുന്ന വേഗത്തിൽ ഊൺ

D. M. 2040

ത്ത്യാറാക്കി വയസ്സന്റെ മുമ്പിൽ മേശപ്പുറത്തു കൊണ്ടു വന്നുവെച്ചു. വയസ്സനും ഗീതയും ഊൺ കഴിച്ചു. പിന്നെ ഗീത പാത്രങ്ങളെല്ലാം കഴുകിവെച്ചു. അതിന്നു ശേഷം വയസ്സനോടു "ഉറക്കുമുറി ഏതാണ്?" എന്നു ചോദിച്ചു. അതു കേട്ടപ്പോൾ പൂവൻകോഴിയും പിടക്കോഴിയും പുള്ളിപ്പശുവും ഒന്നിച്ചു തലേന്നാളത്തെപ്പോലെ "ഭോ, ഭോ" എന്നൊരു ശബ്ദമുണ്ടാക്കി.

ഗീത മുകളിൽ പോയി ഒരു മുറിയിൽ ഇട്ടിരുന്ന ഒരു കട്ടിലിൽ കിടക്കവിരിച്ചു കിടന്നു. വേഗം ഉറങ്ങിപ്പോവുകയുംചെയ്തു. അർദ്ധരാത്രിയായപ്പോൾ ആ വയസ്സൻ ആ മുറിയിൽ വന്നു. ഗീത കിടന്നിരുന്ന കട്ടിലിൽ ഒരു കൈ വെച്ചു എന്തോ പതുക്കെ മന്ത്രിച്ചു. ഉടനെ ആ കട്ടിൽ ഗീതയോടുകൂടി നിലംപിളന്നു താഴോട്ടിറങ്ങി മറഞ്ഞുപോയി.

അന്നും സന്ധ്യയായപ്പോൾ വിറകുവെട്ടി വീട്ടിൽ മടങ്ങി എത്തി ഭാര്യയോടു, "ഇന്നും കഞ്ഞി കൊടുത്തയച്ചില്ല. എന്താ കാരണം?" എന്നു ചോദിച്ചു. "ഞാൻ ഗീതയുടെ കയ്യിൽ കഞ്ഞി കൊടുത്തയച്ചിരുന്നുവല്ലൊ. അവളും വഴിതെററിപ്പോയോ?" എന്നായി മറുപടി. "പോയിട്ടുണ്ടായിരിക്കും. നാളെ രാവിലെ വരും. പേടിക്കേണ്ട" എന്നു മാത്രം അവൻ പറഞ്ഞു.

പിറേറന്നും രാവിലെ വിറകുവെട്ടി പതിവുപോലെ കാട്ടിലേക്കു പുറപ്പെട്ടു. ഭാര്യയോടു, "ഇന്നു സീതയു

ടെ കയ്യിൽ കഞ്ഞി കൊടുത്തയക്കുക" എന്നു പറഞ്ഞു. "അവളേയും കാണാതാവട്ടെ. എനിക്കു മൂന്നു മക്കളും ഇല്ലാതാവട്ടെ" എന്നിങ്ങിനെ ഭാര്യ ആവലാതി പറഞ്ഞു. "ഇല്ല, ഇന്നു ഞാൻ ഗോതമ്പ് വഴിനീളെ ഇടാം. അതു തെളിഞ്ഞു കാണുവാൻ കഴിയുന്നതാണല്ലൊ. സീത സാമർത്ഥ്യമുള്ള കുട്ടിയാണ്. അവൾക്കു വഴി തെററില്ല, അവളെ അയക്കു." ഇത്രയും പറഞ്ഞു വിറകുവെട്ടി കാട്ടിലേക്കു പോയി.

ഉച്ചയായപ്പോൾ സീത കഞ്ഞിയുംകൊണ്ടു പുറപ്പെട്ടു. കാട്ടിൽ എത്തി, ഗോതമ്പു കിടക്കുന്നവഴി തേടിനോക്കി. എവിടെയും കണ്ടില്ല. ഗോതമ്പെല്ലാം കാട്ടിലെ പക്ഷികൾ കൊത്തിത്തിന്നു കഴിഞ്ഞിരുന്നു. എങ്കിലും അവൾ ഒരു വഴിക്കു നടന്നുപോയി. എത്രപോയിട്ടും അച്ഛനെ എവിടെയും കണ്ടില്ല. രാത്രിയായപ്പോൾ മാതയും ഗീതയും കണ്ടെത്തിയ ആ വീട്ടിൻെറ മുമ്പിൽ അവളും എത്തിച്ചേർന്നു. ഗീത വാതിലിന്നുമുട്ടി. അപ്പോൾ "ആരത്? തുറന്നുവരു" എന്നു പരുക്കൻ ശബ്ദത്തോടെ ആരോ പറഞ്ഞു. ഗീതയും ഉള്ളിൽ പോയപ്പോൾ ആ വയസ്സനേയും പൂവൻകോഴിയേയും പിടക്കോഴിയേയും പുള്ളിപ്പശുവിനേയും കണ്ടു. അവളും വയസ്സനോടു അച്ഛനെ തേടി കാട്ടിൽവന്നതാണെന്നറിയിച്ച്, ആ രാത്രി അവിടെ പാർക്കുവാൻ അനുവാദത്തിന്നു അപേക്ഷിച്ചു. വയസ്സൻ ആ പൂവൻകോഴിയേയും പിടക്കോഴിയേയും പുള്ളിപ്പശുവിനേയും നോക്കി "ഇവളെ ഇവിടെ പാർപ്പിക്കാമൊ"എന്നു ചോദിച്ചു. അവ "ബ്യൂ, ബ്യൂ"

എന്നു ശബ്ദിച്ചു. അപ്പോൾ ആ വയസ്സൻ സീതയോടുപറഞ്ഞു; "ശരി, ഇന്നുരാത്രി നിണക്ക് ഇവിടെപാൎക്കാം. അടുക്കളയിൽ എല്ലാ സാധനങ്ങളുമുണ്ട്. ചോറും കറിയും ഉണ്ടാക്കിക്കൊണ്ടുവരു." സീത അല്പ സമയംകൊണ്ട് ഊൺ തയ്യാറാക്കി മേശപ്പുറത്തു കൊണ്ടുവന്നുവെച്ചു. വയസ്സൻ ഉണ്ണാൻ പുറപ്പെട്ടപ്പോൾ അവൾ, "വരട്ടെ, വരട്ടെ, ഈ പൂവൻകോഴിക്കും പിടക്കോഴിക്കും പുള്ളിപ്പശുവിനും വിശക്കുന്നുണ്ടായിരിക്കും. ഞാൻ അവയ്ക്കും വല്ലതും തിന്നാൻ കൊടുക്കാൻ ഉണ്ടൊ എന്നു നോക്കട്ടെ" എന്നും പറഞ്ഞു ഉള്ളിൽപോയി കുറെ അരിമണി കൊണ്ടുവന്നു കോഴികൾക്കും, കുറെ വയ്ക്കോൽ കൊണ്ടുവന്നു പുള്ളിപ്പശുവിനും ഇട്ടുകൊടുത്തു. ഒരു പാത്രത്തിൽ കുറെവെള്ളം കൊണ്ടുവന്നു അവയുടെ മുമ്പിൽവെച്ചു. പിന്നെ അവളും വയസ്സനുംകൂടി ഊൺ കഴിച്ചു. സീത പാത്രങ്ങളെല്ലാം കഴുകി വെച്ചശേഷം വയസ്സനോടു "ഉറക്കുമുറി ഏതാണു്?" എന്നു ചോദിച്ചു. അപ്പോൾ പൂവൻകോഴിയും പിടക്കോഴിയും പുള്ളിപ്പശുവും ഒന്നിച്ചു "ബ്ബൂ, ബ്ബൂ" എന്ന ശബ്ദമുണ്ടാക്കി. അതിൻെറ അൎത്ഥം "നീ, നല്ലകുട്ടി. നിണക്ക് നല്ലതുവരട്ടെ" എന്നായിരുന്നു. സീത മുകളിൽപോയി ഒരു മുറിയിൽ ഇട്ടിരുന്ന് ഒരു കട്ടിലിൽ കിടക്കവിരിച്ചു കിടന്നു. വേഗത്തിൽ ഉറങ്ങിപ്പോയി.

അൎദ്ധരാത്രിയായപ്പോൾ എന്തൊക്കെയോ പൊട്ടിവീഴുന്നപോലുള്ള ശബ്ദംകേട്ടു അവൾ ഞെട്ടി ഉണൎന്നു.

അവിടംമുഴുവൻ കുലുങ്ങുന്നതുപോലെ അവൾക്കു തോന്നി. പേടി ഉണ്ടായെങ്കിലും അനങ്ങാതെ അവിടെത്തന്നെ കിടന്നു. അല്പനേരംകൊണ്ടു ഉറങ്ങിപ്പോകയും ചെയ്തു.

പിറേറന്നു കാലത്തു അവൾ ഉണൻ്റു നോക്കിയപ്പോൾ എന്തൊരു കാഴ്ച! ആ മുറി എത്രയോ ഭംഗിയുള്ള ഒന്നായിത്തീൎന്നിരുന്നു. ചുമരിലെല്ലാം മനോഹരമായ ചിത്രങ്ങൾ വരച്ചിരിക്കുന്നു. ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ കട്ടിലിന്മേലാണവൾ കിടക്കുന്നതു്. സീതക്കു് താൻ സ്വപ്നം കാണുകയാണോ എന്നു തോന്നി. ഏറെത്താമസിയാതെ നല്ല വസ്ത്രങ്ങൾ ധരിച്ച മൂന്നു വേലക്കാർ അവളുടെ മുമ്പിൽ വന്നുനിന്നു, അവളുടെ കല്പനകൾ എന്താണെന്നു ചോദിച്ചു. "എനിക്കു ഒന്നും ആവശ്യമില്ല പോയിക്കൊള്ളുവിൻ. ഞാൻ പോയി വയസ്സന്റെ കാലത്തെ ആഹാരം തയ്യാറാക്കട്ടെ. പൂവൻകോഴിക്കും പിടക്കോഴിക്കും പുള്ളിപ്പശുവിന്നും തീൻ കൊടുക്കട്ടെ" എന്നും പറഞ്ഞു സീത പോകാൻ പുറപ്പെട്ടപ്പോൾ അവളുടെ മുമ്പിൽ സുന്ദരനായ ഒരു യുവാവു് നില്ക്കുന്നതുകണ്ടു. അയാൾ അവളോടു ഇങ്ങിനെ പറഞ്ഞു, "സീതേ, ഞാൻ ഒരു രാജകുമാരനാണു്. ഞാൻ ഈ കൊട്ടാരത്തിൽ എന്റെ മൂന്നു ഭൃത്യന്മാരോടുംകൂടി പാൎക്കുകയായിരുന്നു. ഒരു ദിവസം ഒരു യക്ഷി ഇവിടെ വന്നു എന്നെ ഒരു വയസ്സനാക്കി മാററി. എന്റെ വേലക്കാരെ ഒരു പൂവൻകോഴിയും ഒരു പിടക്കോഴിയും ഒരു

പുള്ളിപ്പശുവുമാക്കി. എന്നിട്ട എന്നോട്ട, 'സാധുമൃഗങ്ങളോട്ട ദയയുള്ള ഒരു പെൺകുട്ടി ഇവിടെവരും. അപ്പോൾ നിങ്ങളെല്ലാരും മുമ്പെത്തെപ്പോലെ തന്നെ ആയിത്തീരും. അതുവരെ ഇങ്ങിനെ പാക്കുക' എന്നും പറഞ്ഞു യക്ഷി എവിടെക്കോ പോയി. നീ ഞങ്ങളെ രക്ഷിച്ചിരിക്കുന്നു. നീ എന്നെ ഭത്താവായി സ്വീകരിച്ചു ഇവിടെത്തന്നെ പാക്കുക."

സീതയുടെ ഹൃദയം സന്തോഷംകൊണ്ട നിറഞ്ഞു. "എന്നാൽ അച്ഛനേയും അമ്മയേയും ഏട്ടത്തിമാരേയും ആളയച്ചു കൂട്ടിക്കൊണ്ടുവരൂ" എന്നു അവൾപറഞ്ഞു. അച്ഛനും അമ്മയും ഉടനെ വന്നെത്തി. കല്യാണസദ്യ എല്ലാം തയ്യാറായി. അപ്പോൾ സീതചോദിച്ചു, "എന്റെ ഏട്ടത്തിമാരെവിടെ?" രാജകുമാരൻ മറുപടിയായിപറഞ്ഞു, "സാധുക്കളോട്ട ദയയില്ലാത്ത അവരെ ഞാൻ അടുക്കളപ്പണിക്കു നിശ്ചയിച്ചിരിക്കുന്നു. അവർ അവിടെ പണിയെടുത്തു ഒരു പാഠം പഠിക്കട്ടെ." അങ്ങിനെ രാജകുമാരനും സീതയുംകൂടി അവിടെ സുഖമായി പാത്തു

---

# കടലിലെ സ്വർണ്ണകുമാരി

പണ്ട് ഒരു രാജാവിൻെറ തോട്ടത്തിൽ പല തരത്തിലുള്ള ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു. ഒരു മാവിന്മേൽ, അതിശയമെന്നു പറയട്ടെ, സ്വർണ്ണമാങ്ങയാണ് കായ്ച്ചിരുന്നതു് മുഴുവൻ. എന്നാൽ അവ പഴുക്കുമ്പോഴെക്കും ആരോ ഒന്നും ബാക്കി വെക്കാതെ കട്ടുകൊണ്ടു പോയ്ക്കളയും. രാജാവു് എത്ര കാവല്ക്കാരെ നിൎത്തിയിട്ടും കള്ളനെ പിടിക്കാൻ കഴിഞ്ഞില്ല.

ആ രാജാവിന്നു മൂന്നു ആൺമക്കളുണ്ടായിരുന്നു. അവരിൽ മൂന്നാമത്തെ പുത്രനെ ഒരു ബുദ്ധിശ്ശൂന്യനായിട്ടാണ് അദ്ദേഹം കരുതിയിരുന്നതു്. ഒരു ദിവസം രാജാവു് മൂത്ത രണ്ടു മക്കളെയും തൻെറ അരികിലേക്കു വിളിച്ചു അവരോടു് പറഞ്ഞു, "നമ്മുടെ സ്വർണ്ണമാങ്ങ കക്കുന്ന കള്ളനെ നിങ്ങൾ രണ്ടു പേരുംകൂടി അന്വേഷിച്ചു കണ്ടുപിടിച്ചു കൊണ്ടുവരണം. അടുത്ത നാടുകളിലെല്ലാം പോയി ശ്രദ്ധമായി അന്വേഷണങ്ങൾ ചെയ്യുക. പണം വേണ്ടതുതരാം. സഹായത്തിന്നു വിശ്വസ്തന്മാരായ ഭൃത്യന്മാരെയും കൂടെ കൂട്ടിക്കൊണ്ടുപോകുക." അ

ച്ഛന്റെ കല്പന കേട്ടപ്പോൾ പുത്രന്മാൎക്കു വളരെ സന്തോഷം ഉണ്ടായി. നാടെല്ലാം ചുററിക്കാണണമെന്നു അവൎക്കു വളരെ മോഹമുണ്ടായിരുന്നു. ഇപ്പോൾ അതു സാധിച്ചുവല്ലോ! പിറേറ ദിവസം തന്നെ അവർ പുറപ്പെട്ടുകയും ചെയ്തു.

സഹോദരന്മാരെ ഇങ്ങിനെ ഒരു കാൎയ്യം അച്ഛൻ ഏല്പിച്ച വിവരം മൂന്നാമത്തെ രാജകുമാരൻ എങ്ങിനെയോ അറിഞ്ഞു. ഉടനെ അവൻ അച്ഛന്റെ അടുക്കൽ ചെന്നു തന്നെയും കള്ളനെ തേടിപ്പിടിക്കുവാൻ പോകുന്നതിന്നു അനുവദിക്കണമെന്നു താഴ്മയോടെ അപേക്ഷിച്ചു. രാജാവ് ആദ്യം അതിന്നു സമ്മതിച്ചില്ല. രാജകുമാരൻ വീണ്ടും വീണ്ടും അപേക്ഷിച്ചപ്പോൾ പൊറുതികേടു സഹിക്കാതെ ഒടുവിൽ സമ്മതം കൊടുത്തു.

അടുത്ത ദിവസം രാവിലെത്തന്നെ ആ മൂന്നാമത്തെ മകനും കുതിരപ്പുറത്തു കയറി യാത്രയായി. കുറെ ദൂരം പോയപ്പോൾ അവൻ ഒരു കാട്ടിൽ എത്തി. അവിടെ ഒരു സ്ഥലത്തു ഒരു ചെന്നായ നില്ക്കുന്നതു കണ്ടു. ആ ചെന്നായക്കു വിശപ്പും ക്ഷീണവും വളരെ ഉണ്ടെന്നു രാജകുമാരന്നു തോന്നി. അതിന്റെ അടുക്കൽ പോയി, "നിണക്ക് ഇത്ര അധികം വിശപ്പുണ്ടെങ്കിൽ എന്റെ കുതിരയെ കൊന്നുതിന്നാം" എന്നു പറഞ്ഞു, അവൻ കുതിരപ്പുറത്തുനിന്നിറങ്ങി മാറി നിന്നു. ചെന്നായ ഉടനെ കുതിരയുടെ മേൽ ചാടിവീണു അതിനെ കടിച്ചു

കൊന്നു നിലത്തു വീഴ്ത്തി. മാംസം വേണ്ടുവോളം തിന്നു വയറു നിറച്ചു. പിന്നീട്ട് രാജകുമാരൻ ചെന്നായയോട്ട് പറഞ്ഞു, "എനിക്കു വളരെ ദൂരം പോകാനുണ്ടു്. അത്രയും ദൂരം നടക്കാൻ ആവില്ല. എന്റെ കുതിരയെ നീ കൊന്നു തിന്നുകഴിഞ്ഞു. അതുകൊണ്ടു എന്നെ നിന്റെ പുറത്തു കയററിക്കൊണ്ടു പോകുക." ചെന്നായ അതിന്നു സമ്മതിച്ചു. അങ്ങിനെ ചെന്നായപ്പുറത്തു കയറി പോകുമ്പോൾ രാജകുമാരൻ, അവൻ സ്വർണ്ണമാങ്ങ കക്കുന്ന കള്ളനെ തേടിപ്പിടിക്കുവാൻ പോവുകയാണെന്നു അതിനോടു പറയുവാൻ ഇടയായി.

ആ ചെന്നായ, വാസ്തവത്തിൽ, ചെന്നായവേഷത്തിൽ കാട്ടിൽ നടന്നുകൊണ്ടിരുന്ന ഒരു വനദേവതയായിരുന്നു. രാജകുമാരൻ കള്ളനെ കണ്ടുപിടിക്കുവാൻ പോവുകയാണെന്നു പറഞ്ഞതു കേട്ടപ്പോൾ അതു പറഞ്ഞു, "കള്ളനാരാണെന്നു എനിക്കറിയാം. ഇതിന്നടുത്തുള്ള രാജ്യത്തെ രാജാവു ഒരു സ്വർണ്ണപ്പക്ഷിയെ വളത്തുന്നുണ്ടു്. ആ പക്ഷിയാണ് മാങ്ങ കക്കുന്നതു്. അതിന്നു വളരെ വേഗത്തിൽ പറന്നുപോകുവാൻ കഴിയും. മാങ്ങ കൊക്കിലെടുത്തു പറന്നുപോകുമ്പോൾ അതിനെ പിടിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു അതിനെ രാജാവിന്റെ രാജധാനിയിൽനിന്നു കൂടോടുകൂടി കട്ടുകൊണ്ടുവരണം. അതിന്നു എനിക്കു നിന്നെ സഹായിക്കുവാൻ കഴിയും. നീ ഇന്നുരാത്രിത്തന്നെ രാജധാനിയിലേക്കു പോ



വുക. രാജധാനിയിലെ കാവൽക്കാരേയെല്ലാം ഞാൻ ഉറക്കമന്ത്രംകൊണ്ടു ഉണരാതെ ആക്കാം. എന്നാൽ ഒരു കാൎയ്യം പ്രത്യേകം ഓൎമ്മവെക്കണം. പക്ഷിയെ കൂടോടെ എടുത്തു മടങ്ങി വരുമ്പോൾ രാജഗൃഹങ്ങളിലെ ഒരു ചുമരും തൊടാതെ നടക്കണം. ഏതെങ്കിലും ചുമര് തൊട്ടുവെങ്കിൽ ഉടനെ കാവൽക്കാർ ഉറക്കമുണൎന്നു ഉണരും. അവർ നിന്നെ പിടികൂടുകയും ചെയ്യും."

ചെന്നായ പറഞ്ഞതുപോലെ രാജകുമാരൻ അന്നു രാത്രിത്തന്നെ രാജധാനിയിൽ കടന്നു പക്ഷിക്കൂട് കൈയ്യിലെടുത്തു, നിശ്ശബ്ദമായി ചുമരൊന്നും തൊടാതെ പുറത്തേക്കു മെല്ലെ മെല്ലെ പോവുകയായിരുന്നു. പെട്ടെന്നു ഉറങ്ങിക്കിടന്നിരുന്ന ഒരു കാവല്ക്കാരൻ ഒരു കാൽ നീട്ടി. ആ കാൽ ചവിട്ടാതെ കഴിക്കാൻ രാജകുമാരൻ ഒരു ഭാഗത്തേക്കു അല്പം തെററിയപ്പോൾ അവൻെറ ചുമൽ ചുമർ തൊട്ടുപോയി. ഉടനെ കാവൽക്കാർ ഉറക്കമുണൎന്നു എഴുന്നേററു. അവർ രാജകുമരനെ ഒരു നിമിഷംകൊണ്ടു പിടിച്ചുകെട്ടി മുറിയിലിട്ടടച്ചു. പിറേറന്നു രാവിലെ കാവല്ക്കാർ അയാളെ രാജാവിൻെറ മുമ്പിൽ കൊണ്ടുപോയി നിൎത്തി, രാജാവിനെ വിവരമെല്ലാം ഗ്രഹിപ്പിച്ചു. രാജാവ് അവന്നു മരണശിക്ഷ വിധിച്ചു. തൂക്കുമരത്തിൽ കയററുന്നതുവരെ അവനെ തടവിൽ ഇടുവാനും കല്പിച്ചു.

ഈ സംഗതികളെല്ലാം ചെന്നായ എങ്ങിനെയോ മനസ്സിലാക്കിയിരുന്നു. ഉടനെ അതു് ഒരു മഹാരാജാവാ

യി മാറി. അദ്ദേഹം കാട്ടിലുള്ള കുറെ മൃഗങ്ങളെ മനു ഷ്യന്മാരാക്കി മാററി. അവരോടുംകൂടി സ്വൎണ്ണപ്പക്ഷി യെ വളൎത്തുന്ന രാജാവിനെ കാണ്മാൻപോയി. ആ രാ ജാവു് അതിഥിയായ മഹാരാജാവിനെ വേണ്ടുംവിധം സ്വീകരിച്ചു രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി വി രുന്നു സല്ക്കാരങ്ങളെല്ലാം ചെയ്തു. പിന്നെ രണ്ടു രാജാക്ക ന്മാരും സിംഹാസനങ്ങളിലിരുന്നുംകൊണ്ടു പല കാൎയ്യങ്ങ ളെപ്പററിയും സംസാരിക്കുവാൻ തുടങ്ങി. സ്വൎണ്ണപ്പക്ഷി യെ വളൎത്തുന്ന രാജാവ്, പലതും പറയുന്ന കൂട്ടത്തിൽ, ആ പക്ഷിയെ ഒരു കള്ളൻ കക്കാൻ വന്നിരുന്നുവെന്നും അവ നെ തൂക്കിക്കൊല്ലുവാൻ കല്പനയാക്കീട്ടുണ്ടെന്നും മഹാരാ ജാവിനോടു പറഞ്ഞു. അതുകേട്ടപ്പോൾ മഹാരാജാവു ഇങ്ങിനെ പറഞ്ഞു; “നിങ്ങളുടെ കള്ളൻ ഒരു സമൎത്ഥനാ ണെന്നു തോന്നുന്നു. അവനെ കൊന്നതുകൊണ്ടു് എന്താ ണ് ലാഭം? വിഷമം പിടിച്ച വല്ലകാൎയ്യവും നിങ്ങൾക്ക് സാധിക്കാനുണ്ടെങ്കിൽ അവനെ അതിന്നു ഉപയോഗി ക്കുകയല്ലെ നല്ലതു്? അവനെ ഏല്പിക്കുന്നകാൎയ്യം അവന്നു ചെയ്യാൻ സാധിച്ചില്ലെങ്കിൽ അപ്പോൾ വധിക്കുകയും ചെയ്യാമല്ലൊ”. ഈ വാക്കുകൾ കേട്ടപ്പോൾ രാജാവി ന്നു മഹാരാജാവു പറയുന്നതു ശരിയാണെന്നു തോന്നി. അദ്ദേഹം ഇങ്ങിനെ മറുപടി പറഞ്ഞു, “മഹാരാജാവു പറയുന്നതു ശരിയാണ്. അടുത്ത രാജ്യത്തെ രാജാവി നെക്കൊണ്ടു എനിക്കു വലിയ കഷ്ടനഷ്ടങ്ങൾ ഉണ്ടായി ക്കൊണ്ടിരിക്കുന്നു. ആ രാജാവിന്നു ഒരു സ്വൎണ്ണക്കുതിര

യുണ്ട്. ആ കുതിരയുള്ളതുകൊണ്ടാണ് ഇത്രയും സാധിക്കുന്നത്. ,ആ കുതിരയെ ഇവനോടു കട്ടുകൊണ്ടുവരാൻ പറയാമല്ലൊ."

അതുപ്രകാരം, രാജകുമാരനെ ആ സ്വർണ്ണക്കുതിരയെ കട്ടുകൊണ്ടുവരുവാൻ നിയോഗിച്ചു. അയാളെ തടവിൽനിന്നു വിട്ടയച്ചു. മഹാരാജാവ് അപ്പോൾതന്നെ മടങ്ങിപ്പോയി.

തടവിൽനിന്നു പുറത്തുവന്ന ഉടനെ രാജകുമാരൻ ചെന്നായയെ കാണാൻ ബദ്ധപ്പെട്ടു കാട്ടിലേക്കുപോയി. ചെന്നായ ആയാളുടെ വരവുംകാത്തു അവിടെ നില്ക്കുയായിരുന്നു. ചെന്നായയോടു രാജകുമാരൻ ആ കുതിരയെ കട്ടുകൊണ്ടുവരുവാൻ സഹായിക്കണമെന്നപേക്ഷിച്ചു. ചെന്നായ പറഞ്ഞു, "പേടിക്കേണ്ട. അതിന്നു വഴിയുണ്ട്. കുതിരയെ കട്ടുകൊണ്ടുവരുവാൻ ഇന്നു രാത്രിത്തന്നെ നിണക്കു പുറപ്പെടാം. കുതിരയെ കാക്കുന്ന കാവല്ക്കാരെയെല്ലാം ഞാൻ ഉറക്കുമന്ത്രംകൊണ്ടു ഉണരാതാക്കാം. എന്നാൽ ഒരു കാൎയ്യം സൂക്ഷിക്കണം. കുതിരയേയുംകൊണ്ടു പുറത്തേക്കു പോകുമ്പോൾ നീയൊ കുതിരയൊ രാജഗൃഹങ്ങളിലെ ഒരു ചുമരും തൊട്ടുപോകരുതു്. തൊട്ടുവെങ്കിൽ കാവല്ക്കാർ ഉണരുകയും നിന്നെ പിടികൂടുകയും ചെയ്യും."

അന്നു രാത്രിയായപ്പോൾ രാജകുമാരൻ പതുക്കെപ്പതുക്കെ രാജാവിൻെറ കുതിരപ്പന്തിയിലേക്കു നടന്നു. കാ

വൽക്കാർ നല്ല ഉറക്കത്തിൽ മുഴുകികിടന്നിരുന്നു രാജകുമാരൻ നിശ്ശബ്ദമായി കുതിരയേയും അഴിച്ചു പുറത്തേക്കു നടന്നു തുടങ്ങി. ഏതാണ്ട് പുറത്തെ വാതിലിന്നടുത്തെത്താറായപ്പോൾ ഒരു കടന്നൽ എവിടെനിന്നോ പറന്നുവന്നു ആ കുതിരയുടെ ഒരു കാലിൽ കുത്തി. കുതിര പെട്ടെന്നു ആ കാൽ പിമ്പോട്ടു വലിച്ചു. കാൽ ചുമരിൽ തട്ടി. ഉടനെ കാവല്ക്കാർ ഉറക്കുണർന്നു എഴുന്നേററു, രാജകുമാരനെ പിടിച്ചുകെട്ടി, ഒരു മുറിയിൽ ഇട്ടടച്ചു. പിറേറന്നു രാവിലെ അവർ അവനെ രാജാവിൻെറ മുമ്പിൽ കൊണ്ടുപോയി ഹാജരാക്കി. രാജാവ് കുതിരയെകക്കാൻ വന്ന കള്ളനു വധശിക്ഷ വിധിച്ചു. തൂക്കുമരത്തിൽ കയററുന്നതുവരെ തടവിലിടാനും കല്പിച്ചു.

രാജകുമാരനു ആപത്തു സംഭവിച്ച വിവരം ചെന്നായ അറിഞ്ഞിരുന്നു. അതു ഉടനെ ഒരു മഹാരാജാവിൻെറ രൂപമെടുത്തു. കുറെ കാട്ടുമൃഗങ്ങളെ മനുഷ്യരാക്കി മാററി അവരേയും കൂട്ടി, സ്വർണ്ണക്കുതിരയുടെ ഉടമസ്ഥനായ രാജാവിനെ കാണാൻ ചെന്നു. മഹാരാജാവിനെ ആ രാജാവ് വേണ്ടുംവണ്ണം സ്വീകരിക്കയും സൽക്കരിക്കയും ചെയ്തു. അതിന്നുശേഷം അവർ രണ്ടുപേരും പല കാര്യങ്ങളെപ്പററിയും സംസാരിപ്പാൻ തുടങ്ങി. അതിലിടയ്ക്കു രാജാവു മഹാരാജാവിനോട് സ്വർണ്ണക്കുതിരയെ ഒരു കള്ളൻ കക്കാൻവന്നിരുന്നുവെന്നും അവനെ പിടിച്ചു തടവിൽ ഇട്ടിരിക്കുന്നുവെന്നും തൂക്കുമരത്തിൽ ഉടനെ കയററുമെന്നും പറയുവാൻ ഇടയായി. ഇതുകേട്ടപ്പോൾ

മഹാരാജാവ് ഇങ്ങിനെ പറഞ്ഞു, "നിങ്ങളുടെ കള്ളൻ ഒരു സമൎത്ഥനാണെന്നു തോന്നുന്നു. അവനെ തൂക്കിക്കൊന്നിട്ടെന്താണ് കാൎയ്യം? അവനെ വിഷമംപിടിച്ച വല്ല പ്രവൃത്തിയും ചെയ്യുന്നതിന്നു ഉപയോഗിക്കാമല്ലൊ. അവന്നു അതു ചെയ്വാൻ കഴിഞ്ഞില്ലെങ്കിൽ അപ്പോൾ അവനെ വധിക്കയും ചെയ്യാം." മഹാരാജാവിൻെറ വാക്കു കേട്ടപ്പോൾ രാജാവിന്നു അതു ശരിയാണെന്നു തോന്നി. രാജാവ് ഇങ്ങിനെ മറുപടി പറഞ്ഞു, "നിങ്ങൾ പറയുന്നതു ശരിയാണ്. ഒരു ദിവസം ഞാൻ കടപ്പുറത്തു നില്ക്കുമ്പോൾ ഒരു സ്വൎണ്ണകുമാരി കടലിന്നുള്ളിൽനിന്നു വെള്ളത്തിൻമീതെ വന്നുനില്ക്കുന്നതു കണ്ടു. എന്നെ കണ്ടതും ആ സ്വൎണ്ണവിഗ്രഹം വെള്ളത്തിന്നുള്ളിലേക്കു താണുപോകയും ചെയ്തു. അന്നു തൊട്ടു അവളെപ്പററിയുള്ള വിചാരം എൻെറ മനസ്സിൽനിന്നു വിട്ടുപോകുന്നില്ല. അവളെ പിടിച്ചുകൊണ്ടുവരുവാൻ ഇവന്നു സാധിക്കുമോ എന്നു നോക്കാമല്ലൊ."

അങ്ങിനെ രാജകുമാരൻ ആ സ്വൎണ്ണകുമാരിയെ പിടിച്ചുകൊണ്ടുവരുവാൻ നിയോഗിക്കപ്പെട്ടു. മഹാരാജാവും പരിചാരകന്മാരും താമസിയാതെ പുറപ്പെട്ടുപോയി.

തടവിൽ നിന്നു പുറത്തുവന്ന രാജകുമാരൻ ചെന്നായ പാൎക്കുന്ന കാട്ടിലേക്കു നടന്നു. അതിനെക്കണ്ടു വിവരമെല്ലാം ഗ്രഹിപ്പിച്ചു. അപ്പോൾ ചെന്നായപറഞ്ഞു,

"പേടിക്കേണ്ട. സ്വൎണ്ണകുമാരിയെപിടിച്ചുകൊണ്ടുവരുവാൻ നമുക്കു സാധിക്കും. ഞാൻ പറയുന്നതുപോലെ ചെയ്യണം." ചെന്നായ രാജകുമാരനേയും കൂട്ടി കടപ്പുറത്തേക്കു നടന്നു.

അവിടെ എത്തിയപ്പോൾ ചെന്നായ രാജകുമാരനോടു പറഞ്ഞു, "ഞാൻ ഇപ്പോൾ ഒരു കപ്പലായി മാറും. ആ കപ്പലിൽ അനവധി പട്ടു വസ്ത്രങ്ങൾ വില്പാൻ നിരത്തി വെച്ചിട്ടുണ്ടായിരിക്കും. നീ കപ്പലിനെ കടലിലേക്കു ഓടിക്കുക. കുറെ ദൂരം പോയാൽ ആ സ്വൎണ്ണകുമാരി കടലിന്നുള്ളിൽ നിന്നു മീതെ വരുന്നതു കാണാം. കപ്പലിലെ പട്ടുവസ്ത്രങ്ങൾ കാണുമ്പോൾ സ്വൎണ്ണകുമാരിക്കു അവയോടു താല്പൎയ്യം തോന്നും. അവൾ നിന്നോടു കപ്പലിനെ അവളുടെ അടുക്കലേക്കു കൊണ്ടുപോകുവാൻ വിളിച്ചു പറയും. എന്നാൽ അതു ചെയ്യരുതു. 'വില്പനക്കാരൻ വാങ്ങുന്നവൻെറ അടുക്കലേക്കു പോവുക പതിവില്ല. വാങ്ങുന്നവൻ വില്ക്കുന്നവൻെറ അടുത്തേക്കു വരികയാണ് പതിവ്' എന്നുമാത്രം പറഞ്ഞു കപ്പലിനെ കരക്കുനേക്കു തിരിക്കുക. അപ്പോൾ സ്വൎണ്ണകുമാരി കപ്പലിൻെറ പിന്നാലെ ഓടിവരും. കപ്പൽ കരക്കടുക്കുമ്പോൾ അവൾ അതിന്നുള്ളിലേക്കു കയറി വരികയും ചെയ്യും. ശേഷമുള്ള കാൎയ്യങ്ങൾ ഞാൻ നിവൃത്തിക്കാം."

ഇത്രയും പറഞ്ഞുതീൎന്ന ഉടനെ ചെന്നായയെ കാണാതായി. പകരം ഒരു കപ്പൽ കടലിൽ കരക്കടുത്തു

നില്ക്കുന്നതായി കാണപ്പെട്ടു. രാജകുമാരൻ ആ കപ്പലിൽ കയറി അതിനെ കടലിലേക്കു ഓടിച്ചു. കുറെ ദൂരം പോയപ്പോൾ, സ്വർണ്ണകുമാരി കടലിന്നു മീതെ നില്ക്കുന്നതായി കണ്ടു. കപ്പലിലുള്ള കണ്ണഞ്ചുന്ന പട്ടുവസ്ത്രങ്ങൾ കണ്ടപ്പോൾ അവൾ കപ്പൽക്കാരനോട് കപ്പൽ അവളുടെ അടുക്കലേക്കു കൊണ്ടുപോകുവാൻ വിളിച്ചു പറഞ്ഞു. അപ്പോൾ രാജകുമാരൻ "വില്പന്ക്കാരൻ വാങ്ങുന്നാളുടെ അരികിലേക്കു വരിക പതിവില്ല. വാങ്ങുന്നവൻ വില്ക്കുന്നവന്റെ അടുക്കലേക്കു പോവുകയാണ് പതിവ്" എന്നു മറുപടി പറഞ്ഞു. രാജകുമാരൻ കപ്പൽ തിരിച്ചു കരക്കുനേരെ ഓടിച്ചുതുടങ്ങി. സ്വർണ്ണകുമാരി പട്ടു വസ്ത്രങ്ങളോടുള്ള മോഹംകൊണ്ടു കപ്പലിന്റെ പിന്നാലെ പാഞ്ഞുവന്നു. കപ്പൽ കരയോരത്തു എത്തിയപ്പോൾ അവൾ കപ്പലിലേക്കു കയറി. . ആ നിമിഷത്തിൽ കപ്പൽ ഇല്ലാതായി. രാജകുമാരനും സ്വർണ്ണകുമാരിയും അതാ, കരയിൽ നില്ക്കുന്നു! അവരുടെ മുമ്പിൽ ഒരു ചെന്നായയും. ചെന്നായയെ കണ്ടപ്പോൾ സ്വർണ്ണകുമാരി ഭയപ്പെട്ടു രാജകുമാരനെ കെട്ടിപ്പിടിച്ചു. രാജകുമാരൻ അവളോടു, "ഭയപ്പെടേണ്ട. ഈ ചെന്നായ എന്റെ സ്നേഹിതനാണ്. എല്ലാ അപകടങ്ങളിൽനിന്നും അതിന്നു നമ്മെ രക്ഷിക്കുവാനും കഴിയും. പോകാം, നമുക്കു ചെന്നായയുടെ പുറത്തുകയറിപ്പോയി ഈ രാജ്യത്തെ രാജാവിനെ ഒന്നു കാണാമല്ലോ" എന്നു പറഞ്ഞു. അ

വർ രണ്ടുപേരും ചെന്നായുടെ പുറത്തു കയറി ആ രാജ്യത്തെ രാജാവിനെ ചെന്നുകാണുവാൻ യാത്രയായി.

രാജകുമാരനും സ്വർണ്ണകുമാരിയും ഏറെത്താമസിയാതെ രാജധാനിയിൽ എത്തി. കാവൽക്കാരാരുംതന്നെ അവരെ തടഞ്ഞുനിർത്തിയില്ല. ഒടുവിൽ അവർ രാജസന്നിധിയിൽ പ്രവേശിച്ചു. രാജാവു് അവരെ കണ്ടപ്പോൾ ഭയപ്പെട്ടുപോയി. തന്റെ കുതിരയെ കക്കാൻ വന്ന കള്ളൻ ഒരു മനുഷ്യനായിരിക്കുകയില്ല, അവൻ വല്ല ദേവനുമായിരിക്കുമോ എന്നു രാജാവു് ശങ്കിച്ചു. അതുകൊണ്ടു ആ ദേവനെ സന്തോഷിപ്പിക്കുകയാണു് നല്ലതെന്നു രാജാവു് തീർച്ചപ്പെടുത്തി. അദ്ദേഹം രാജകുമാരനോടു് ഇങ്ങിനെ പറഞ്ഞു, "നിങ്ങൾ ചെയ്തിട്ടുള്ളതു് ഒരു ധീരകൃത്യമാണു്. ആർക്കും ചെയ്വാൻ സാധിക്കാത്ത ഒരു കാര്യമാണു് ചെയ്തിട്ടുള്ളതു്. അതുകൊണ്ടു സ്വർണ്ണകുമാരിയെ ഞാൻ നിങ്ങൾക്കു തന്നെ വിട്ടുതന്നിരിക്കുന്നു. എന്റെ സ്വർണ്ണക്കുതിരയേയും ഞാൻ ഇതാ നിങ്ങൾക്കു തരുന്നു." രാജകുമാരനു അങ്ങിനെ ആ സ്വർണ്ണക്കുതിരയേയും കിട്ടി.

രാജധാനിയിൽ അല്പസമയം വിശ്രമിച്ചശേഷം രാജകുമാരനും സ്വർണ്ണകുമാരിയും ആ സ്വർണ്ണക്കുതിരയുടെ പുറത്തുകയറി യാത്രതുടങ്ങി. അപ്പോൾ ചെന്നായയെ പെട്ടെന്നു കാണാതായി. അവർനേരെ സ്വർണ്ണക്കിളിയുള്ള രാജാവിന്റെ നാട്ടിലേക്കാണു് പോയതു്. തന്റെ സ്വർണ്ണ

പ്പക്ഷിയെ കക്കാൻ ശ്രമിച്ച രാജകുമാരൻ പിന്നീടു ചെയ്ത ധീരകൃത്യങ്ങളെപ്പററി ആ രാജാവു കേട്ടറിഞ്ഞിരുന്നു. അതുകൊണ്ടു അദ്ദേഹവും അവരെ ആദരവോടു കൂടി സ്വീകരിച്ചു. അദ്ദേഹവും രാജകുമാരൻ ഒരു ദേവനായിരിക്കുമോ എന്നു ശങ്കിച്ചിരുന്നു. അതുകൊണ്ടു രാജാവു തൻെറ സ്വർണ്ണക്കിളിയെ രാജകുമാരന്നു സമ്മാനമായി കൊടുത്തു. രാജകുമാരന്നും സ്വർണ്ണകുമാരിക്കും സ്വർണ്ണക്കിളിയെ കിട്ടിയപ്പോൾ വളരെ സന്തോഷംതോന്നി.

പിറേറന്നു രാവിലെ അവർ അവിടെനിന്നും പുറപ്പെട്ടു. സ്വർണ്ണപ്പക്ഷിയെ അതിൻെറ കൂട്ടിന്നുള്ളിൽ ഇട്ടു കൂട്ട് കുതിരപ്പുറത്ത് വെച്ചു തങ്ങളുടെ ഒന്നിച്ചുതന്നെ കൊണ്ടുപോയി. അവർ നേരെ രാജകുമാരൻെറ രാജ്യത്തേക്കുതന്നെയായിരുന്നു പോയത്.

ഇതിന്നകം രാജകുമാരൻെറ കീർത്തി ആ രാജ്യത്തും എത്തിയിരുന്നു. എന്നാൽ ആയാളുടെ സഹോദരന്മാൎക്കു അതു ഇഷ്ടമായില്ല. തങ്ങൾക്കു ചെയ്യാൻ സാധിക്കാതിരുന്ന കാൎയ്യം സഹോദരന്നു ചെയ്യാൻ സാധിച്ചതുകൊണ്ടാണ് അവൎക്കു അയാളോട് വിദ്വേഷം തോന്നിയതു്. അവർ അനുജനെക്കൊണ്ടു സ്വർണ്ണപ്പക്ഷിയെ കൈക്കലാക്കുവാൻ തീൎച്ചപ്പെടുത്തി.

രാജകുമാരനും സ്വർണ്ണകുമാരിയും ഒരു കാട്ടിൽക്കൂടി പോകയായിരുന്നു. പെട്ടെന്നു ഒരു സ്ഥലത്തുവെച്ചു രണ്ടുപേർ അവരെ ആക്രമിച്ചു. കുതിരപ്പുറത്തുനിന്നു രാജകു

മാരനെ അവർ വലിച്ചു താഴത്തിട്ടു അടിച്ചു കൊന്നു. സ്വൎണ്ണപ്പക്ഷിയെ അവർ കൈക്കലാക്കി. സ്വൎണ്ണകുമാരിയെ അവർ കൂടെ കൂട്ടിക്കൊണ്ടുപോകുവാൻ ശ്രമിച്ചു നോക്കി. എന്നാൽ അവൾ അതിന്നു വഴിപ്പെട്ടില്ല. സ്വൎണ്ണക്കുതിരയെ പിടിച്ചു നിൎത്തുന്നതിന്നൊ അതിൻെറ പുറത്തുകയറി സവാരിചെയ്യുന്നതിന്നൊ അവൎക്കു സാധിക്കാഞ്ഞതിനാൽ അതിനെ കാട്ടിൽത്തന്നെ വിട്ടുപോകേണ്ടിവന്നു.

സ്വൎണ്ണകുമാരി മരിച്ചുകിടക്കുന്ന രാജകുമാരൻെറ അരികെത്തന്നെ ഇരുന്നു. അഞ്ചാറുദിവസം അങ്ങിനെ കഴിഞ്ഞു. അപ്പോൾ ചെന്നായ അവിടെ വന്നെത്തി. ചെന്നായ സ്വൎണ്ണകുമാരിയോടു ആ ശവശരീരത്തെ ഇലകളും പുഷ്പങ്ങളും ശേഖരിച്ചു മൂടുവാൻ ആവശ്യപ്പെട്ടു. സ്വൎണ്ണകുമാരി അങ്ങിനെ ചെയ്തപ്പോൾ ചെന്നായ ആ ശരീരത്തിൻെറ ചുററും മൂന്നു പ്രാവശ്യം നടന്നു. പിന്നെ സ്വൎണ്ണകുമാരിയോടു രാജകുമാരനെ തൊട്ടുണൎത്തുവാൻ കല്പിച്ചു. സ്വൎണ്ണകുമാരി രാജകുമാരനെ തൊട്ടതോടു കൂടി അയാൾ ഉറക്കത്തിൽനിന്നെന്നപോലെ ഉണൎന്നു എഴുനേററിരുന്നു. സ്വൎണ്ണകുമാരിക്കു സന്തോഷം വൎദ്ധിച്ചുവന്നു. അവൾ രാജകുമാരനേയും ചെന്നായയേയും പല പ്രാവശ്യം കെട്ടിപ്പിടിച്ചു ഉമ്മവെച്ചു.

ചെന്നായ പിന്നെ അധികനേരം അവിടെ നിന്നില്ല. അതു വന്നവഴിക്കുതന്നെ മടങ്ങിപ്പോയി. രാജകുമാ

82047
13.11.2040



രന്നും സ്വർണ്ണകുമാരിയും സ്വർണ്ണക്കുതിരപ്പുറത്തുകയറി പിന്നേയും യാത്ര തുടൎന്നു. ഒന്നു രണ്ടു മണിക്കൂറിനകം അവർ രാജധാനിയിൽ വന്നെത്തി. രാജാവ് അവരെ അതിരററ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്തു, തൻെറ ആ മകനെപ്പററി എല്ലാവരോടും പുകഴ്ത്തിപ്പറഞ്ഞു. രാജധാനിയിൽ അന്നു തുടങ്ങി മൂന്നു ദിവസം വലിയ സദ്യ കഴിച്ചു.

രാജാവ് തൻെറ മൂത്ത പുത്രന്മാരെ നാടുകടത്തുവാൻ കല്പനയാക്കി.

ഇളയ പുത്രന്നും സ്വർണ്ണകുമാരിയുംകൂടി അങ്ങിനെ വളരെക്കാലം സുഖമായി പാൎത്തു.

---

# വെള്ളപ്പാമ്പ്

പണ്ടു പ്രസിദ്ധനായ ഒരു രാജാവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്നറിയാത്ത ഒരു വിഷയവുമുണ്ടായിരുന്നില്ല. സ്വകാര്യമായി എവിടെയെങ്കിലും വല്ലതും സംഭവിച്ചു വെങ്കിൽ അതുംകൂടി രാജാവിന്നു എങ്ങിനെയോ അറിവാൻ കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്നു ഒരു പതിവുണ്ട്. രാത്രി ഊണു കഴിഞ്ഞു എല്ലാവരും ആ മുറിയിൽനിന്നു പോകുന്നതുവരെ രാജാവ് അവിടെത്തന്നെ ഇരിയ്ക്കും. എല്ലാവരും പോയെന്നുകണ്ടാൽ ഒരു ഭൃത്യൻ അടച്ചുപൂട്ടിയ ഒരു പാത്രം അദ്ദേഹത്തിൻെറ മുമ്പിൽ മേശപ്പുറത്തു കൊണ്ടുവന്നു വെയ്ക്കും. എന്താണ് ആ പാത്രത്തിൽ ഉള്ളതെന്നു ആ ഭൃത്യനുംകൂടി അറിവില്ലായിരുന്നു. ഒരു ദിവസം അതു കണ്ടുപിടിക്കണമെന്നു അവൻ തീച്ച്പ്പെടുത്തി. അന്നു ആ പാത്രം രാജാവിന്നു കൊണ്ടുപോയി കൊടുക്കുന്നതിന്നു മുമ്പ് അവൻ അതു തൻെറ മുറിയിലേക്കു കൊണ്ടുപോയി. പാത്രം തുറന്നു നോക്കിയപ്പോൾ അതിൽ പാകം ചെയ്ത ഒരു വെള്ളപ്പാമ്പ് കിടക്കുന്നതു കണ്ടു. അവൻ അതിൻെറ ഒരു കഷണം മുറിച്ചെടുത്തു തിന്നു. അപ്പോൾ അവന്നു മുമ്പ് കേട്ടിട്ടില്ലാത്ത



പുതിയ ചില ശബ്ദങ്ങൾ കേൾക്കുവാൻ കഴിഞ്ഞു. അവൻ ജനവാതിൽ തുറന്നു പുറത്തുനോക്കി. കുറെ മൈന താഴത്തു മുററത്തു നടക്കുന്നതാണ് കണ്ടതു്. അവ അന്നു കിട്ടിയ ആഹാരത്തെപ്പററി അന്യോന്യം പറയുകയായിരുന്നു. ആ വെള്ളപ്പാമ്പിൻെറ ഒരു കഷണം തിന്നതുകൊണ്ടു തനിക്കു പക്ഷികളുടെ സംസാരം കേട്ടു മനസ്സിലാക്കുവാനുള്ള കഴിവുണ്ടായെന്നു അവനു തോന്നി. ആ സംഗതി പുറത്തു വിടരുതെന്നും അവൻ തീർച്ചപ്പെടുത്തി.

കുറെ ദിവസം കഴിഞ്ഞപ്പോൾ രാജ്ഞിയുടെ ഒരു മോതിരം കാണാതായി. എല്ലായിടത്തും തിരഞ്ഞു നോക്കിയെങ്കിലും അതു കണ്ടെത്തിയില്ല. ആ ഭൃത്യൻ കട്ടെടുത്തിരിക്കുമെന്നു ചിലർ ശങ്കിച്ചു. ഒടുവിൽ രാജാവ് അവനെ വിളിച്ചു പറഞ്ഞു, "മോതിരം എടുത്തതു നീയാണ്. അതു അര മണിക്കൂറിന്നുള്ളിൽ എൻെറ മുമ്പിൽ കൊണ്ടുവന്നു വെച്ചില്ലെങ്കിൽ നിന്നെ ഞാൻ തൂക്കിക്കൊല്ലും" ആ സാധു വല്ലാതെപേടിച്ചുപോയി. എന്തു ചെയ്യേണ്ടുവെന്നറിയാതെ അവൻ മുററത്തുപോയി ഒരു സ്ഥലത്തു നിന്നു. അപ്പോൾ മണ്ണ് ചിനക്കിക്കണ്ടെത്തു കൊത്തിത്തിന്നുകൊണ്ടിരിക്കുന്ന മൂന്നു നാലു കോഴികൾ എന്തോ അന്യോന്യം പറയുന്നതു അവൻ കേട്ടു. ഒരു പൂവൻകോഴി പറയുകയായിരുന്നു, "എനിക്കു വയററിന്നു നല്ല സുഖമില്ല. ആ മുറിയുടെ താഴെ ഞാൻ ഒരു മോതിരം കിടക്കുന്നതു കണ്ടു. അതു

കൊത്തിത്തിന്നു. അതുകൊണ്ടായിരിക്കുമൊ വയററീൽ ഒരു വേദന എന്നറിയുന്നില്ല." അതു കേട്ട ഉടനെ ആ ഭൃത്യൻ പെട്ടെന്നു ഒരു കൈനീട്ടി ആ കോഴിയെ പിടിച്ചു. അവൻ അതിനെ അട്ടക്കളയിൽകൊണ്ടുപോയി വെപ്പുകാരൻെറ കൈയിൽ കൊടുത്തു അതിനെ കൊന്നു പാകം ചെയ്യുവാൻ പറഞ്ഞു. വെപ്പുകാരൻ കോഴിയെ കൊന്നു മുറിച്ചു നോക്കുമ്പോൾ ഒരു മോതിരം അതിൻെറ വയററിൽ കണ്ടെത്തി. ഉടനെതന്നെ രാജാവിൻെറ ഭൃത്യൻ ആ മോതിരം രാജാവിൻെറ മുമ്പിൽ കൊണ്ടുപോയി വെച്ചു. രാജാവു് വളരെ സന്തോഷിച്ചു. ഭൃത്യനെ വൃഥാ ശങ്കിച്ചതിൽ വ്യസനിക്കയും ചെയ്തു. രാജാവ് അവനെ നോക്കി പറഞ്ഞു, "നീ മോതിരം കട്ടു എന്നു പറഞ്ഞുപോയതിൽ ഞാൻ വ്യസനിക്കുന്നു. നീ ഇഷ്ടപ്പെടുന്ന ഉദ്ദ്യോഗം എന്തെന്നു പറയുക. ഞാൻ നിന്നെ അതിലേക്കു നിശ്ചയിക്കാം." അപ്പോൾ ആ ഭൃത്യൻ രാജാവിനെ തൊഴുതുകൊണ്ടു ഉണർത്തിച്ചു, "പ്രഭോ, എനിക്കു ഒരു ഉദ്യോഗവും വേണ്ട. ദേശസഞ്ചാരത്തിന്നു പോകണമെന്നു ഒരാഗ്രഹമുണ്ടെനിക്കു്. അതിന്നു ഒരു കുതിരയും കുറെ പണവും മാത്രം എനിക്കു കല്പിച്ചുതന്നാൽ മതി." നല്ലൊരു കുതിരയേയും കുറെപണവും രാജാവു് അവന്നു അപ്പോൾത്തന്നെ കൊടുക്കയും ചെയ്തു.

അങ്ങിനെ പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു ദിവസം അവൻ ഒരു കുളത്തിൻെറ വക്കത്തെത്തി. അതി

ൻെറ കരയിൽ മൂന്നു ചെറിയ മത്സ്യം കിടന്നുപിടക്കുന്നതു കണ്ടു. അവൻ ദയതോന്നി അവയെ എടുത്തു വെള്ളത്തിലിട്ടു. ആ മത്സ്യം മൂന്നും അവനോട് "നീ ചെയ്ത ഉപകാരം ഞങ്ങൾ മറക്കുകയില്ല" എന്നു പറഞ്ഞു വെള്ളത്തിന്നുള്ളിൽ മറഞ്ഞു. അവൻ അതു കഴിഞ്ഞു അവിടെ നിന്നും പോയിക്കൊണ്ടിരിക്കുമ്പോൾ ഒരിടത്തു വെച്ചു ആരോ എന്തോ പതുക്കെ പറയുന്നതു കേട്ടു. അവൻ നാലുപാടും നോക്കി. ആരേയും കണ്ടില്ല. കുതിരപ്പുറത്തുനിന്നു ഇറങ്ങി ചെവികൂർപ്പിച്ചു ശ്രദ്ധിച്ചുനിന്നു. നിലത്തു കുറെ ഉറുമ്പു അരിച്ചുപോകുന്നതാണ് അവൻ കണ്ടതു്. അവയുടെ രാജാവ് ഇങ്ങിനെ പറയുകയായിരുന്നു, "എൻെറ എത്ര പ്രജകളെയാണ് ഈ കുതിര ചവിട്ടിക്കൊല്ലുന്നതു്! ഈ മനുഷ്യന്നു മറെറാരു വഴിക്കു പോയിക്കൂടെ?" ഇതു കേട്ടപ്പോൾ ആ ഭൃത്യൻ കുതിരയെ വേറൊരു വഴിക്കു തിരിച്ചു പോകുവാൻ പുറപ്പെട്ടു. ഉറുമ്പുരാജാവ് സന്തോഷിച്ചു ഇങ്ങിനെ പറഞ്ഞു, "നീ ചെയ്ത ഈ ഉപകാരം ഞങ്ങൾ മറക്കുകയില്ല." അവൻ പിന്നെയും കുറെ ദൂരം പോയി. ഒരു മരത്തിൻെറ കൊമ്പിൽനിന്നു രണ്ടു കാക്ക അവയുടെ കുട്ടികളെ കൂട്ടിൽനിന്നു കൊത്തിപ്പുറത്തിടുന്നതു കണ്ടു. ആ രണ്ടു കാക്കയും ഇങ്ങിനെ പറഞ്ഞിരുന്നു, "എത്ര കാലം നിങ്ങളെ പോററും! ഇനി നിങ്ങളുടെ പാട്ട് നിങ്ങൾതന്നെ നോക്കുക." നിലത്തു വീണ കാക്കക്കുഞ്ഞുങ്ങൾ അവിടെ കിടന്നു കരഞ്ഞുതുടങ്ങി. "പറക്കാനുംകൂടി കഴിയാത്ത ഞങ്ങൾ എ

വിടെപ്പോയി എന്തു കൊത്തിത്തിന്നാനാണ്!" എന്നു പ
റഞ്ഞുകൊണ്ടായിരുന്നു അവ കരഞ്ഞതു്. അവയുടെ
സങ്കടം കണ്ടപ്പോൾ ആ ഭൃത്യൻ കുതിരപ്പുറത്തുനിന്നു ഇ
റങ്ങി, തന്റെ കുതിരയെ വെട്ടിക്കൊന്നു കാക്കക്കുട്ടികൾ
ക്കു തിന്നാൻ ഇട്ടുകൊടുത്തു. അപ്പോൾ കാക്കക്കുട്ടികൾ
പറഞ്ഞു, "നീ ചെയ്ത ഉപകാരം ഞങ്ങൾ മറക്കില്ല."

പിന്നെ കുറേ പോയപ്പോൾ അവൻ വേറൊരു നാ
ട്ടിൽ എത്തി. ആ നാട്ടിലെ രാജാവിന്റെ മകളുടെ വി
വാഹകാര്യത്തെപ്പററി പലരും സംസാരിക്കുന്നതു് അവ
നും കേട്ടു. ഏതോ ഒരു പ്രയാസമുള്ള കാര്യം ആക്കു്
ചെയ്തുതീർപ്പാൻ കഴിയുമോ അയാളെ വിവാഹം ചെ
യ്യുവാനായിരുന്നു രാജകുമാരി തീർച്ചപ്പെടുത്തിയിരുന്നതു്.
ആ പണി ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അതിന്നൊരു
ങ്ങിയവൻ വധിക്കപ്പെടുമെന്നും വിളംബരപ്പെടുത്തിയിരു
ന്നു. ഇതെല്ലാം കേട്ടപ്പോൾ ആ ഭൃത്യന്നും ഒരു കൈ
നോക്കണമെന്നു തോന്നി. അവൻ രാജാവിനെ കാണാ
ൻ ചെന്നു. രാജാവു് അവനെ വെള്ളം നിറഞ്ഞുനിന്നി
രുന്ന ഒരു ഏരിയുടെ കരയ്ക്കു കൂട്ടിക്കൊണ്ടുപോയി. എ
ന്നിട്ടു രാജാവു് ഒരു സ്വർണ്ണമോതിരം ആ വെള്ളത്തിലേ
ക്കു വലിച്ചെറിഞ്ഞു. ആ മോതിരം മുങ്ങിത്തപ്പിയെടു
ത്തു കൊണ്ടുവരുവാൻ ഭൃത്യനോടു ആവശ്യപ്പെട്ടു.

എന്തു ചെയ്യേണ്ടുവെന്നറിയാതെ അവൻ ആ ഏ
രിയുടെ കരയ്ക്കുതന്നെ ഇരുന്നു. കുറെ കഴിഞ്ഞപ്പോൾ

THE KOTTAYAM PUBLIC LIBRARY KOTTAYAM TRAVANCORE.

മൂന്നു മത്സ്യങ്ങൾ അവൻെറ അടുത്തു വെള്ളത്തിൽ നീന്തിക്കളിക്കുന്നതു അവൻ കണ്ടു. അവയിൽ ഒന്നു ആ മോതിരം അവൻെറ മുമ്പിൽ കൊണ്ടുവന്നുവെച്ചു. വൎദ്ധിച്ച സന്തോഷത്തോടുകൂടി അവൻ മോതിരം കൈയ്യിലെടുത്തു. ആ മൂന്നു മത്സ്യങ്ങൾ അവൻ മുമ്പ് കരയിൽനിന്നെടുത്തു വെള്ളത്തിൽ ഇട്ടു രക്ഷിച്ചവയായിരുന്നു.

അവൻ മോതിരം രാജാവിന്നു കൊണ്ടുപോയി കൊടുത്തു. അപ്പോൾ രാജകുമാരി പറഞ്ഞു, "ഇതുകൊണ്ടായില്ല. ഇനി ഒരു കാൎയ്യവുംകൂടി ചെയ്യാനുണ്ട്." രാജകുമാരി അവനെ പുല്ല് ധാരാളം വളൎന്നുനിന്നിരുന്ന ഒരു സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ പത്തു ചാക്ക് മുത്താറി കെട്ടിവെച്ചിട്ടുണ്ടായിരുന്നു. രാജകുമാരി ഭൃത്യന്മാരോടു ആ മുത്താറി മുഴുവനും അവിടെ വാരിയെറിയുവാൻ കല്പിച്ചു. എന്നിട്ടു ഭൃത്യനോടു പറഞ്ഞു, "നാളെ നേരംപുലരുമ്പൊഴേക്കും ആ മുത്താറിയെല്ലാം പെറുക്കിക്കൂട്ടി ഈ ചാക്കുകളിൽ ഇട്ടു കെട്ടിവെക്കണം. ഒരു മണിപോലും പുല്ലിന്നുള്ളിൽ ബാക്കികിടക്കുന്നുണ്ടെങ്കിൽ നിങ്ങൾക്കു ജീവൻ നഷ്ടമാകും." രാജകുമാരിയും പണിക്കാരും അവിടം വിട്ടുപോയി. ആ ഭൃത്യൻെറ ഹൃദയം പൊട്ടിത്തകൎന്നു. തലയിൽ കൈയ്യുംവെച്ചു അവൻ അവിടെത്തന്നെ ഇരുന്നു. എന്തു ചെയ്യണമെന്നൊരു വിവരവും അവന്നുണ്ടായില്ല. രാത്രി ഉറക്കവുംവന്നില്ല. നേരം പുലരാറായി. അപ്പോൾ ആ പ

ത്തു ചാക്കും മുത്താറി നിറച്ചു കെട്ടിവെച്ചിട്ടുള്ളതായി അവൻ കണ്ടു. അവൻ സന്തോഷത്തിൽ മുഴുകി. മുൻപറഞ്ഞ ഉറുമ്പുരാജാവും പ്രജകളും ആയിരുന്നു ആ മുത്താറിയെല്ലാം പെറുക്കി ചാക്കിലിട്ടു നിറച്ചുവെച്ചതു്.

സൂര്യോദയത്തോടുകൂടി രാജാവും രാജകുമാരിയും അവിടെ വന്നെത്തി. എല്ലാചാക്കും നിറഞ്ഞിരിക്കുന്നതുകണ്ടു് അവർ രണ്ടുപേരും അത്ഭുതപ്പെട്ടുപോയി. എങ്കിലും ആ രാജകുമാരി ഇങ്ങിനെ പറഞ്ഞു, "ഇതുകൊണ്ടും ആയില്ല. അവസാനമായി ഒരു കാര്യവുംകൂടി നിവൃത്തിക്കാനുണ്ടു്. സ്വർണ്ണഇലകളുള്ള ഒരു മാവിന്മേൽ കായ്ച്ചിട്ടുള്ള ഒരു സ്വർണ്ണമാങ്ങ എനിക്കു കൊണ്ടുവന്നുതന്നാൽ മാത്രമേ ഞാൻ നിങ്ങളെ വിവാഹം ചെയ്കയുള്ളു. അതിന്നു കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കു ജീവൻ നഷ്ടമാകും." ഇതിലധികം സാഹസമുള്ള ഒരു പണി വേറെയുണ്ടോ?

ആ മനുഷ്യൻ എങ്ങോട്ടെന്നില്ലാതെ അവിടെ നിന്നു നടന്നു. കുറെ പോയപ്പോൾ ഒരു കാട്ടിൽഎത്തി. രാത്രിയായപ്പോൾ അവൻ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങി. പിറേറന്നു രാവിലെ എഴുന്നേററു നില്ക്കുമ്പോൾ മൂന്നു കാക്കകൾ അവൻെറ അടുക്കലേക്കു പറന്നുവരുന്നതു കാണാറായി. അവയിൽ ഒന്നു അവൻെറ മുമ്പിൽ സ്വർണ്ണ ഇലകളോടുകൂടിയ ഒരു സ്വർണ്ണമാങ്ങവെച്ചു. സന്തോഷംകൊണ്ടു അവൻ നിലവിളിച്ചുപോയി. ആ മൂന്നു കാക്ക

കൾ ഏതായിരുന്നു? അവയോടു നന്ദിയും പറഞ്ഞു അവൻ മാങ്ങയും എടുത്തു രാജധാനിയിലേക്കു ഓടി. വൈകുന്നേരമാകുമ്പൊഴേക്കും രാജധാനിയിൽ എത്തി, രാജകുമാരിയുടെ കൈയ്യിൽ സ്വർണ്ണമാങ്ങ കൊടുത്തു. രാജകുമാരിക്കു അളവററ സന്തോഷം ഉണ്ടായി. പിറേറന്നുതന്നെ അവരുടെ വിവാഹവും ആലോചിക്കപ്പെട്ടു.

---

KOTTAYAM PUBLIC LIBRARY

# കഴുതക്കാബേജ്

ഒരു ദിവസം സുന്ദരനായ ഒരു യുവാവു് ഒരു കാട്ടിൽ നായാട്ടിന്നു പോയിരുന്നു. കാട്ടിൽ ഒരു സ്ഥലത്തു ഒരു കിഴവി നില്ക്കുന്നതു അവൻ കണ്ടു. അവനെ കണ്ടപ്പോൾ കിഴവി, "എനിക്കു വിശപ്പും ദാഹവും നന്നെ ഉണ്ടു്. വല്ലതും തരണം." എന്നു പറഞ്ഞു. ആ ചെറുപ്പക്കാരൻ കീശയിൽ തപ്പിനോക്കി, നാലണ കണ്ടതു ആ കിഴവിക്കു കൊടുത്തു. അപ്പോൾ ആ കിഴവി വളരെ സന്തോഷിച്ചു ഇങ്ങിനെ പറഞ്ഞു, "നീ ചെയ്ത ഉപകാരത്തിന്നു പകരം നിണക്കു ഒരു സഹായം ചെയ്വാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പറയുന്നതു കേൾക്കു. കുറേക്കൂടി മുമ്പോട്ടു പോയാൽ ഒമ്പതു പക്ഷികൾ ഒരു മരക്കൊമ്പിന്മേൽ ഇരിക്കുന്നതു കാണും. നടുവിലെ പക്ഷിയുടെ കൊക്കിൽ ഉള്ള ഒരു പട്ടു വസ്ത്രത്തിന്നു വേണ്ടി ബാക്കിയുള്ള എട്ടും തമ്മിൽ തമ്മിൽ കൊത്തികലഹിക്കുന്നുണ്ടായിരിക്കും. നടുവിലെ പക്ഷിയെ ഉന്നംവെച്ചു വെടിവെക്കുക. അപ്പോൾ ആ പക്ഷിയും പട്ടുവസ്ത്രവും നിലത്തു വീഴും. ബാക്കി പക്ഷികൾ പറന്നു പോകയും ചെയ്യും. ആ പട്ടുവസ്ത്രമെടുത്തു സൂക്ഷിച്ചുവെക്കുക.

അതിന്നു ഒരു വിശേഷ ഗുണമുണ്ടു്. അതു ഒരാൾ ചുമലിൽ ഇട്ടു വേറൊരു സ്ഥലത്തു എത്തിച്ചേരണമെന്നു മനസ്സിൽ വിചാരിച്ചാൽ മതി, ആ നിമിഷത്തിൽ അവൻ അവിടെ എത്തിക്കഴിയും. ഒരു കാര്യംകൂടി. ആ പക്ഷിയെ കീറി അതിൻെറ ഹൃദയം എടുത്തു അതു അങ്ങിനെതന്നെ വിഴുങ്ങുക. എന്നാൽ ദിവസേന ഉറങ്ങി എഴുന്നേല്ക്കുമ്പോൾ തലയണയുടെ താഴെ ഒരു സ്വർണ്ണനാണയം കിടക്കുന്നതു കാണും. ഞാൻ പറഞ്ഞതുപോലെ ചെയ്യുക."

കിഴവിയെ വിട്ടു യുവാവു് കാട്ടിലേക്കു നടന്നു. കുറേ പോയപ്പോൾ പറഞ്ഞതുപ്രകാരംതന്നെ ഒരു മരത്തിൻെറ കൊമ്പിന്മേൽ ഒമ്പതു പക്ഷികൾ ഇരിക്കുന്നതു കണ്ടു. നടുവിലെ പക്ഷിയെ അവൻ വെടിവെച്ചുവീഴ്ത്തി, അതിൻെറ കൊക്കിലുള്ള പട്ടുവസ്ത്രം കരസ്ഥമാക്കി. പിന്നെ ആ പക്ഷിയെ മുറിച്ചു അതിൻെറ ഹൃദയം എടുത്തു അവൻ വിഴുങ്ങി. അപ്പോഴേക്കും ഇരുട്ടായിത്തുടങ്ങിയതുകൊണ്ടു് അവൻ ഉടനെ വീട്ടിലേക്കു മടങ്ങി.

പിറേറന്നു രാവിലെ ഉറക്കമുണൎന്ന ഉടനെ അവൻ തലയണ പൊക്കിനോക്കി. അവിടെ അതാ ഒരു സ്വർണ്ണനാണയം! അങ്ങിനെ ദിവസന്തോറും അവന്നു ഓരോ സ്വർണ്ണനാണയം കിട്ടിക്കൊണ്ടിരുന്നു. കുറെ ദിവസം കഴിഞ്ഞപ്പോൾ അവൻ വിചാരിച്ചു, "ഇങ്ങിനെ സ്വർണ്ണനാണയവും കൂട്ടിവെച്ചു വീട്ടിൽ തന്നെ ഇരുന്നിട്ടു

എന്താ ഒരു കാൎയ്യം? അന്യനാടുകളിൽ സഞ്ചരിച്ചു ലോകം ഒന്നു കാണേണ്ടതല്ലെ?" പിറേറന്നു തന്നെ അവൻ എങ്ങോട്ടെന്നില്ലാതെ പുറപ്പെട്ടു പോവുകയും ചെയ്തു.

കുറെ വഴി പോയപ്പോൾ അവൻ വലിയ ഒരു മാളിക കണ്ടു. അതിൽ ഒരു ജനലിന്നരികെ ഒരു കിഴവിയും സുന്ദരിയായ ഒരു യുവതിയും ഇരിക്കുന്നുണ്ടായിരുന്നു. അവൻ നേരെ അവരുടെ അടുക്കലേക്കു പോയി. ആ കിഴവി അവനെ വളരെ സന്തോഷത്തോടുകൂടി വീട്ടിന്നുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി. യുവതിയും കിഴവിയുംകൂടി അവന്നു വേണ്ട എല്ലാ സൌകൎയ്യങ്ങളും അന്വേഷിക്കുകയും ചെയ്തു.

ആ കിഴവി വാസ്തവത്തിൽ മനുഷ്യവേഷം എടുത്ത ഒരു ദുഷ്ടദേവതയായിരുന്നു. ആ യുവാവു് പക്ഷിയുടെ പട്ടുവസ്ത്രം കൈക്കലാക്കീട്ടുള്ളതും അതിൻെറ ഹൃദയം വിഴുങ്ങീട്ടുള്ളതും അവൾ അറിഞ്ഞിരുന്നു. എങ്ങിനേയെങ്കിലും അവനെ വഞ്ചിച്ചു അതു രണ്ടും കൈവശപ്പെടുത്തണമെന്നു കിഴവി തീൎച്ചപ്പെടുത്തി. അവൾ ആ യുവതിയോടു സ്വകാൎയ്യത്തിൽ ഇങ്ങിനെ പറഞ്ഞു, "ആ യുവാവിൻെറ കയ്യിൽ ഒരു പട്ടുവസ്ത്രമുണ്ടു്. അതു നമുക്കു എങ്ങിനെയെങ്കിലും തട്ടിയെടുക്കണം. അവൻ ഒരു പക്ഷിയുടെ ഹൃദയം വിഴുങ്ങീട്ടുണ്ടു്. ആ ഹൃദയവും എനിക്കാവശ്യമുണ്ടു്. ഇതു രണ്ടും സമ്പാദിക്കുന്നതിന്നു നീ ഞാൻ പറയുന്നതുപോലെ ചെയ്യണം. മറിച്ചു വല്ലതും

ചെയ്യുവെങ്കിൽ നിന്നെ ഞാൻ കൊന്നുകളയും, ഓർമ്മ വെച്ചോ." പിന്നെ കിഴവി ആ യുവാവിന്നു കുടിക്കാൻ ഒരു പാനീയം തയ്യാറാക്കി. അതു അവൾ ആ യുവതി യുടെ കൈയ്യിൽ കൊടുത്തു, "ഇതു അവന്നു കുടിപ്പാൻ കൊടുക്കുക. അതു കുടിച്ചു തീരുമ്പോൾ അവൻെറ വായിൽ ക്രൂടി പക്ഷിയുടെ ഹൃദയം പുറത്തു വീഴും. അതു അവൻ കാണാതെ എടുത്തു കൊണ്ടു വരു" എന്നു പറഞ്ഞു. കിഴവി ആ പക്ഷിയുടെ ഹൃദയം കൈയ്യിൽ കിട്ടിയപ്പോൾ ആ യുവതിയോട് അതു വിഴുങ്ങുവാൻ പറഞ്ഞു. യുവതി അതു വിഴുങ്ങുകയും ചെയ്തു.

യുവാവ് കുറേ നാൾ അവരൊന്നിച്ചു പാർത്തു. പതിവുപ്രകാരം രാവിലെ സ്വർണ്ണനാണയം തലയണയുടെ താഴെ ഉണ്ടോ എന്നു നോക്കുകപോലും ചെയ്തില്ല. ആ യുവതിയോടുള്ള സ്നേഹംകൊണ്ടു അക്കാര്യംക്രൂടി അവൻ മറന്നുപോയിരുന്നു. കിഴവിക്കാകട്ടെ ദിവസംതോറും ഓരോ സ്വർണ്ണനാണയം കിട്ടുകയും ചെയ്തു.

യുവാവിൻെറ വസ്ത്രം കരസ്ഥമാക്കുവാനുള്ള ഉപായവും കിഴവി ആ യുവതിക്കു പറഞ്ഞുകൊടുത്തിരുന്നു. അതുപ്രകാരം, ഒരു ദിവസം രാവിലെ ആ സുന്ദരി എന്തൊ വളരെ വ്യസനമുള്ള വളെപ്പോലെ ഒരു ജനലിൽക്രൂടെ പുറത്തേക്കു നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. അപ്പോൾ ആ യുവാവ് അവളുടെ അടുക്കൽ ചെന്നു, "നീ എന്താണ് ഇങ്ങിനെ വ്യസനിച്ചുനില്ക്കുന്നതു്? എന്താണ്

നിന്നെ വേദനപ്പെടുത്തുന്നതു്?" എന്നു ചോദിച്ചു. അവഠം പറഞ്ഞു, "നോക്കു, അതാ ഒരു കുന്നു കാണുന്നില്ലേ? അതിൻെറ പാൎശ്വങ്ങളിൽ വിലപിടിച്ച എത്രയോ വൈരക്കല്ലുകഠം കിടക്കുന്നുണ്ടു്. ഒന്നു രണ്ടെങ്കിലും എനിക്കു് കിട്ടാൻ കഴിഞ്ഞെങ്കിൽ!" ഇതു് കേട്ടപ്പോഠം യുവാവു്, "ഓ! അതിനാണോ വ്യസനിക്കുന്നതു്? അതു എളുപ്പത്തിൽ സാധിക്കുമല്ലോ" എന്നും പറഞ്ഞു്, ആ പട്ടുവസ്ത്രമെടുത്തു ഒരു അററം അവളുടെ ചുമലിലും മറെറ അററം തൻെറ ചുമലിലും ഇട്ടു. അവർ ഒന്നിച്ചു പൊന്തിപ്പറന്നു പോകുവാൻ തുടങ്ങി. അവർ ഒരു ഞൊടിനേരംകൊണ്ടു കുന്നിന്മേൽ എത്തി. കുറേ വൈരക്കല്ലുകഠം അവർ പെറുക്കിയെടുത്തു ഒരു തുണിക്കഷണത്തിൽ കെട്ടിവെച്ചു. എന്നിട്ടു് ആ യുവാവു് അവളോടു്, "നമുക്കു ഇവിടെ ഇരുന്നു അല്പം വിശ്രമിക്കാം" എന്നു പറഞ്ഞു അവളുടെ മടിയിൽ തലയുംവെച്ചു അവിടെ കിടന്നു. താമസിയാതെ ഉറങ്ങിപ്പോവുകയും ചെയ്തു. അപ്പോഠം അവഠം അവൻെറ തല മെല്ലെ എടുത്തു താഴത്തുവെച്ചു, അവൻെറ പട്ടുവസ്ത്രമെടുത്തു സ്വന്തം ചുമലിലിട്ടു, അവിടം വിട്ടു വീട്ടിലേക്കു തിരിച്ചു.

ആ കുന്നിന്മേൽ കുറെ രാക്ഷസന്മാർ പാൎത്തിരുന്നു. കുറെ നേരം കഴിഞ്ഞു അവർ എവിടെ നിന്നോ മടങ്ങി വന്നപ്പോഠം ഒരു മനുഷ്യൻ അവിടെ കിടന്നുറങ്ങുന്നതാണു് കണ്ടതു്. "ഇതെന്താ? ഈ കഴുത ഇവിടെ എങ്ങി

നെ വന്നുകൂടി!" എന്നും പറഞ്ഞു അവരിലൊരുവൻ അവനെ ചവിട്ടിക്കൊല്ലുവാൻ കാൽ പൊക്കി. അപ്പോൾ മറ്റൊരു രാക്ഷസൻ, "നില്ക്കൂ, അവൻ അവിടെ കിടന്നോട്ടെ. അവൻ ഉണൎന്നശേഷം എന്തു ചെയ്യുമെന്നു നോക്കാമല്ലോ" എന്നു പറഞ്ഞു. അങ്ങിനെ അവൻ രക്ഷപ്പെട്ടു. രാക്ഷസന്മാൎക്ക പിന്നെ അവന്റെ ഓൎമ്മ പോലും ഉണ്ടായില്ല. അവർ കുറെ കഴിഞ്ഞപ്പോൾ പിന്നേയും എവിടെക്കോ പോയി.

യുവാവ് ഉണൎന്നുനോക്കിയപ്പോൾ യുവതിയെ എവിടെയും കണ്ടില്ല. പട്ടുവസ്ത്രവും പോയ്പോയെന്നറിഞ്ഞപ്പോൾ കാൎയ്യം മനസ്സിലായി. "ഞാൻ ഇത്രവളരെ സ്നേഹിച്ചിട്ടും അവൾ എന്നെ ഇങ്ങിനെ ചതിച്ചുവല്ലോ" എന്നു വിചാരിച്ചു അവൻ വളരെ വ്യസനിച്ചു. അങ്ങിനെ കണ്ണീരും വാൎത്തു കുറെനേരം അവൻ അവിടെത്തന്നെ ഇരുന്നു. അപ്പോൾ ആ വഴിക്ക പോയ്ക്കൊണ്ടിരുന്ന കറുത്തിരുണ്ട ഒരു കാർമേഘം അവനെ പൊക്കിയെടുത്തു കൊണ്ടുപോയി. ആ മേഘം ഒരു കാബേജ് തോട്ടത്തിന്നുമേലെ പോകുമ്പോൾ അവനെ അവിടെ താഴത്തിട്ടു. തഴച്ചു വളൎന്ന കാബേജിന്മേൽ വീണതുകൊണ്ടു അവന്നു ഒരു അപകടവും നേരിട്ടില്ല.

വിശപ്പും ദാഹവുംകൊണ്ടു അവൻ സങ്കടപ്പെട്ടുകയായിരുന്നു. ആ തോട്ടത്തിൽ അവിടേയും ഇവിടേയും അവൻ നടന്നുനോക്കി. കാബേജല്ലാതെ ഒരു കായും പ

ഴവും അവിടെ ഉള്ളതായി അവൻ കണ്ടില്ല. ഒടുവിൽ ഒരു കാബേജ് പറിച്ചെടുത്തു അതിൻെറ ഇല കുറെ തിന്നു. അപ്പോൾ എന്തൊ ചില മാററങ്ങൾ ദേഹത്തിനുണ്ടാവുന്നതുപോലെ അവന്നു തോന്നി. ക്രമേണ രണ്ടുകാലുകൾകൂടി അവന്നുണ്ടായി. കഴുതയുടേതുപോലുള്ള രണ്ടു നീണ്ട ചെവികൾ അവൻെറ തലയിൽ വളൎന്നുവന്നു. എന്നല്ല, അഞ്ചു നിമിഷംകൊണ്ടു അവൻ ഒരു അസ്സൽ കഴുതയായിത്തീൎന്നു. അപ്പോഴും അവന്നു വിശപ്പ് അടങ്ങീട്ടില്ലാതിരുന്നതുകൊണ്ടു അവൻ—അല്ല ആ കഴുത— ഒരു കാബേജുംകൂടി കടിച്ചുതിന്നു. ഉടനെ, എന്തൊരത്ഭുതം ആ കഴുത പിന്നേയും ഒരു മനുഷ്യനായിത്തീൎന്നു! അങ്ങിനെ, ആ തോട്ടത്തിൽ രണ്ടു തരം കാബേജുണ്ടെന്നും ഒന്നു തിന്നാൽ മനുഷ്യൻ ഒരു കഴുതയായ്ത്തീരുമെന്നും മറേറതു തിന്നാൽ ആ കഴുത പിന്നേയും മനുഷ്യനായ്ത്തീരുമെന്നും അവൻ മനസ്സിലാക്കി. ആ രണ്ടുതരം കാബേജും ഓരോന്നു പറിച്ചെടുത്തു അവൻ നേരെ ആ കിഴവിയും യുവതിയും പാൎത്തിരുന്ന മാളികയിലേക്കു തന്നെ നടന്നു. അവിടെ എത്താറായപ്പോൾ അവൻ ഒരു മരുന്നു തേച്ചു സ്വന്തം മുഖത്തിന്നു ഒരു നിറഭേദം വരുത്തി. തന്നിമിത്തം അവനെ തിരിച്ചറിയുവാൻ കഴിയാതായി. മാളികയിൽ പോയപ്പോൾ കിഴവി അവനോടു, “നീ ആരാണ്? എന്താണ് വേണ്ടതു്?” എന്നു ചോദിച്ചു. അവൻ ഇങ്ങിനെ മറുപടിപറഞ്ഞു, “ഞാൻ ഒരു തോട്ടക്കാരനാണ്. എൻെറ തോട്ടത്തിൽ ഉണ്ടായിട്ടുള്ള ന

ല്ല രണ്ടു കാബേജ് രാജാവിന്നു കാഴ്ചവെക്കുവാൻ പോവുകയാണ്. എന്നാൽ, ഈ വെയിലിന്നു അവ വാടിപ്പോകുമെന്നു ഭയപ്പെട്ടു വെയിൽ താഴുന്നതുവരെ ഇവിടെ ഇരിക്കാമെന്നുവെച്ച് കയറിയതാണ്."

കിഴവിക്ക് അതു കേട്ടപ്പോൾ ആ കാബേജിൽ കൊതിയുണ്ടായി. "ഒരു കഷണം കാബേജ് എനിക്കു തരാമോ?" എന്നു അവൾ അവനോടു ചോദിച്ചു. തോട്ടക്കാരൻ പറഞ്ഞു, "ഒരു കഷണമൊ? ഒന്നു മുഴുവനും തന്നെ തരാം. രാജാവിന്നു ഒന്നു കൊടുത്താൽ മതി." അങ്ങിനെ കിഴവി ഒരു കാബേജു സമ്പാദിച്ചു.

ആ കാബേജുകൊണ്ടു ഉപ്പേരിയുണ്ടാക്കി അന്നു വൈകുന്നേരത്തു കിഴവിയും യുവതിയും പണിക്കാരത്തിയും സുഖമായി ഊൺ കഴിച്ചു. ഉടനെ അവർ മൂന്നു പേരും കഴുതകളായിത്തീന്നു. അതു കണ്ടപ്പോൾ ആ യുവാവ് വളരെ സന്തോഷിച്ചു. അവൻ ആ കഴുതകളെ അവിടെനിന്നു തെളിച്ചുകൊണ്ടുപോയി. പോകുന്ന വഴിക്കു ഒരു ദോബിയുണ്ടായിരുന്നു. ആ യുവാവ് ദോബിയോടു ഇങ്ങിനെ പറഞ്ഞു, "നേരം രാത്രിയായ്ത്തുടങ്ങി. ഈ കഴുതകളേയുംകൊണ്ടു് ഇരുട്ടിന്നു നടക്കുക പ്രയാസമാണ്. നിങ്ങൾ എനിക്കു ഒരു ഉപകാരം ചെയ്യുമൊ? ഈ കഴുതകളെ തല്ക്കാലം ഇവിടെ നിത്തണം. ഞാൻ മൂന്നുദിവസം കഴിഞ്ഞു മടങ്ങിവന്നു ഇവയെ ഇവിടെ നിന്നു കൊണ്ടുപോയ്ക്കൊള്ളാം." ദോബി അതിന്നു

സമ്മതിച്ചു. യുവാവ് ആ കഴുതകളെ അവിടെ കെട്ടിനിൎത്തി, രണ്ടു സ്വൎണ്ണനാണയങ്ങൾ ദോബിക്കു കൊടുത്തു അവനോടു പറഞ്ഞു, “എന്നാൽ ഒരു കാൎയ്യമുണ്ട്. ഈ കിഴവിക്കഴുതയ്ക്കു ദിവസേന മൂന്നു നല്ല അടി കൊടുക്കണം; ഒരു നേരം മാത്രമേ തീൻ കൊടുക്കാവൂ.” പണിക്കാരത്തിക്കഴുതയെ ചൂണ്ടിക്കാണിച്ചു പറഞ്ഞു, “ഈ കഴുതയ്ക്കു ദിവസം ഒരടി കൊടുത്താൽ മതി. തീൻ മൂന്നുനേരവും കൊടുക്കണം.” തുടൎന്നു യുവതിക്കഴുതയെ ചൂണ്ടിക്കാണിച്ചുപറഞ്ഞു, “ഈ കഴുതയെ അടിയ്ക്കേണ്ട. തീൻ മൂന്നുനേരവും കൊടുക്കുകയും വേണം.” ഇത്രയും പറഞ്ഞു ആ യുവാവ് അവിടെനിന്നു പോയി.

മൂന്നു ദിവസം കഴിഞ്ഞ ശേഷം അവൻ അവിടെ മടങ്ങി വന്നു. അപ്പോഴേക്കും കിഴവിക്കഴുത ചത്തുപോയിരുന്നു. മററു രണ്ടു കഴുതകൾ ചാകാറായി നില്ക്കുന്നു. അവൻ ആ രണ്ടു കഴുതകളേയും ആ മാളികയിലേക്കു തന്നെ തിരിച്ചു ഓട്ടിക്കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ അവൻ മറേറ കാബേജ് അവയ്ക്കു തിന്നാൻ കൊടുത്തു. ഉടനെ അവർ മുമ്പത്തേപ്പോലെ വീണ്ടും ഒരു യുവതിയും പണിക്കാരത്തിയുമായിത്തീൎന്നു.

ആ യുവതി ഉടനെ അവൻെറ കാല്ക്കൽവീണു ഇങ്ങിനെ പറഞ്ഞു, “പ്രഭോ, ക്ഷമിക്കണം. ഞാൻ നിങ്ങളെ ഹൃദയപൂൎവ്വം സ്നേഹിക്കുന്നു. കിഴവിയെ പേടിച്ചിട്ടാണ് ഞാൻ നിങ്ങളെ കുന്നിന്മേൽ വിട്ടു വന്നത്.

നിങ്ങളുടെ പട്ടു വസ്ത്രം എൻെറ പെട്ടിയിൽ ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അതു ഇപ്പോൾതന്നെ ഞാൻ എടുത്തു കൊണ്ടുവന്നു തരാം. എന്നെ നിങ്ങളുടെ ദാസിയായി സ്വീകരിക്കണേ."

അവൻെറ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞു. അവർ രണ്ടുപേരുംകൂടി ആ മാളികയിൽ വളരെക്കാലം സുഖമായി പാർത്തു.

---

KOTTAYAM PUBLIC LIBRARY * KOTTAYAM *

# സ്വർണ്ണമീൻ

പണ്ടുകാലത്തു് ഒരു പുഴവക്കത്തു് ഒരു സാധുമനുഷ്യനും അവൻെറ ഭാൎയ്യയും പാൎത്തിരുന്നു. മീൻപിടിക്കുകയായിരുന്നു അവൻെറ പ്രവൃത്തി. ഒരു ദിവസം അവൻ വല കരയ്ക്കു വലിച്ചെടുത്തപ്പോൾ അതിൽ ഒരു സ്വൎണ്ണമീൻ പെട്ടിട്ടുള്ളതായി കണ്ടു. വളരെ ആശ്ചൎയ്യത്തോടുകൂടി അവൻ അതിനെത്തന്നെ നോക്കിനിന്നു. അപ്പോൾ ആ മീൻ അവനോടു് ഇങ്ങിനെ പറഞ്ഞു, "നീ എന്നെ കൊല്ലാതെ പുഴയിൽതന്നെ വിട്ടയക്കുക. അങ്ങിനെ ചെയ്താൽ നിൻെറ വീടു് ഒരു സ്വൎണ്ണമാളികയായിത്തീരും." അവൻ ഉത്തരം പറഞ്ഞു, "ജീവിക്കാൻ മാൎഗ്ഗമില്ലാത്ത എനിക്കു മാളിക എന്തിനാണു്?" ആ ചോദ്യം കേട്ടപ്പോൾ മീൻ അവനോടു്, "ജീവിക്കാനുള്ള മാൎഗ്ഗവും ആ മാളികയിൽതന്നെ ഉണ്ടു്. അതിൻെറ ഒരു ചുമരിൽ ഒരു അലമാരിയുണ്ടു്. അതിന്നുള്ളിൽ എല്ലാ ആഹാരസാധനങ്ങളും വെച്ചിട്ടുണ്ടു്. എത്ര എടുത്താലും അതു് തീരില്ല. അതുകൊണ്ടു ഭയപ്പെടാതെ എന്നെ വെള്ളത്തിൽ വിട്ടു വീട്ടിലേക്കു പോവുക" എന്നു പറഞ്ഞു. മീനിനെ വലയിൽനിന്നു പുറ

ത്തേക്കെട്ടുക്കുവാൻ അവൻ പുറപ്പെട്ടപ്പോൾ മീൻ തുടൎന്നു പറഞ്ഞു, "എന്നാൽ ഒരു കാൎയ്യംക്രൂടി പറയാനുണ്ടു്. നീ ആ മാളികയും സാധനങ്ങളും എങ്ങിനെ കിട്ടിയെന്ന വിവരം ആരോടും പറയരുതു്. പറഞ്ഞുപോയിയെങ്കിൽ എല്ലാം ഉടനെ ഇല്ലാതാകും." "അങ്ങിനെതന്നെ" എന്നു മീനിനോടു് അവസാനമായി പറഞ്ഞു്, അതിനെ എടുത്തു വെള്ളത്തിൽ ഇട്ടു്, വലയും എടുത്തു വീട്ടിലേക്കു് ബദ്ധപ്പെട്ട തിരിക്കുകയും ചെയ്തു.

അവൻ വീട്ടിൽ എത്തിയപ്പോൾ കണ്ടതെന്തായിരുന്നു? ആ വീടു നിന്ന സ്ഥലത്തു് വലിയ ഒരു സ്വൎണ്ണമാളിക നില്ക്കുന്നു! അതു കണ്ടപ്പോൾ അവൻെറ സന്തോഷത്തിന്നു അതിരില്ലായിരുന്നു. അവൻ മാളികയുടെ ഉള്ളിലേക്കു ഓടിപ്പോയി. അവൻെറ ഭാൎയ്യയുണ്ടവിടെ നില്ക്കുന്നു. അവനെ കണ്ട ഉടനെ അവൾ ഓടിച്ചെന്നു അവനെ കെട്ടിപ്പിടിച്ചു പറഞ്ഞു, "നോക്കു, നോക്കു, ഇതെന്തൊരത്ഭുതം! ഇതൊക്കെ എങ്ങിനെ ഉണ്ടായി?" ആ മനുഷ്യൻ അപ്പോൾ ഒന്നു നിവൎന്നുനിന്നു, അതെല്ലാം താൻ സമ്പാദിച്ചതാണെന്ന നാട്യത്തോടെ! എന്നിട്ടു് അവളോടു് പറഞ്ഞു. "അതൊക്കെ എനിക്കറിയാം. എനിക്കു വിശക്കുന്നു. തിന്നാൻ വല്ലതും കൊണ്ടുവാ." അപ്പോൾ ഭാൎയ്യ ചോദിച്ചു, "ഞാൻ എന്തു തരാനാണു്? തിന്നാനുള്ള സാധനങ്ങളൊന്നും ഞാൻ ഇവിടെ കണ്ടില്ല". "എന്നാൽ എൻെറക്രൂടെ വാ" എന്നും പറഞ്ഞു അവൻ ഓരോ മുറിയിലും ചെന്നുനോക്കി. ഒരു മുറിയു

ടെ ചുമരിൽ ഒരു അലമാര ഉള്ളതായിക്കണ്ടു. അവൻ അതു് തുറന്നു. അതിൽ നിറച്ചും റൊട്ടിയും പലവിധ പലഹാരങ്ങളും പഴങ്ങളും ഉണ്ടായിരുന്നു. അതെല്ലാം കണ്ടപ്പോൾ ഭാര്യയും ഭർത്താവും ഒരു പോലെ സന്തോഷം കൊണ്ടു നിലവിളിച്ചുപോയി. അവർ കുറേ റൊട്ടിയും പലഹാരങ്ങളും എടുത്തു ഒരു മേശപ്പുറത്തുവെച്ചു അതെല്ലാം അവിടെത്തന്നെ ഇരുന്നു ഭക്ഷിച്ചു. തീൻ കഴിഞ്ഞില്ല, അപ്പോഴേക്കും ഭാര്യക്ക ആ വിഭവങ്ങളൊക്കെ എങ്ങിനെ കിട്ടിയെന്നു അറിയാനുള്ള ബദ്ധപ്പാട്ട് പറയാനില്ല. അവൾ ഭർത്താവിനെ നോക്കിക്കൊണ്ടു ചോദിച്ചു, "അല്ലാ, ഇതൊക്കെ എങ്ങിനെ ഉണ്ടായി? പറയൂ." "അതു ചോദിക്കാതെ. ആ രഹസ്യം പുറത്തുവിട്ടാൽ ഇതെല്ലാം ഇല്ലാതാകും. അതുകൊണ്ടു് അടങ്ങിയിരിക്കൂ" എന്നു മാത്രം അവൻ അവളോട്ട് മറുപടി പറഞ്ഞു

കുറെ ദിവസം അങ്ങിനെ കഴിഞ്ഞുപോയി. എന്നിട്ടും അതെല്ലാം എങ്ങിനെ ഉണ്ടായെന്നറിവാനുള്ള ഭാര്യയുടെ ആഗ്രഹം ശമിച്ചില്ല. അവൾ ദിവസേന അവനോട്ട് അതിനെപ്പററി ചോദിക്കും. ഒടുവിൽ ഒരു ദിവസം പൊറുതിമുട്ടി അവൻ സ്വർണ്ണമീനിനെ പിടിച്ച കഥ അവളോടു പറഞ്ഞു അതു പറഞ്ഞുതീന്നില്ല, അപ്പോഴേയ്ക്കും ആ മാളിക അവിടെ ഇല്ലാതായി. പകരം ആ പഴയ വീടുമാത്രം കാണപ്പെട്ടു. അവർ ഉടുത്തിരുന്ന വിലപിടിച്ച വസ്ത്രങ്ങളും കാണാതായി. മുഷിഞ്ഞു കീറിയതു് ഉടുത്തുനില്ക്കുന്നതായി അവർ കാണപ്പെട്ടു.

ആ സാധുമനുഷ്യന്ന് പിന്നേയും മീൻപിടിച്ചു ജീവിക്കേണ്ടിവന്നു. വീണ്ടും ഒരു ദിവസം ആ സ്വർണ്ണമീൻ അവൻെറ വലയിൽപ്പെട്ടു. മീൻ അന്നും അവനോടു പറഞ്ഞു, "എന്നെ വിട്ടയക്കുക. ആ മാളികയും എല്ലാസാധനങ്ങളും ഞാൻ ഇനിയും നിങ്ങൾക്കു തരാം." ഉടനെ അവൻ മീനിനെ വെള്ളത്തിൽതന്നെ ഇട്ടു വീട്ടിലേക്കു ഓടിപ്പോയി. മുമ്പെത്തെപ്പോലെതന്നെ അവിടെ മാളിക കാണപ്പെട്ടു. ആഹാര സാധനങ്ങളും ആ അലമാരയിൽ ഉണ്ടായിരുന്നു. അവന്നും ഭാര്യക്കും അതിരില്ലാത്ത സന്തോഷം ഉണ്ടായി. അവർ പിന്നേയും സുഖമായി നാൾകഴിക്കുവാൻ തുടങ്ങി. എന്നാൽ ഭാര്യ പിന്നേയും ചോദിച്ചു തുടങ്ങി, "ഇതൊക്കെ എങ്ങിനെ ഉണ്ടായി?" എന്നു്. ഒടുവിൽ ആ സ്വർണ്ണമീനിനെ രണ്ടാമതും പിടിച്ച വിവരം അവൻ ഭാര്യയെ അറിയിച്ചു. അതു പറഞ്ഞതോടെ മാളികയും വിഭവങ്ങളും ഇല്ലാതായി. ആ മനുഷ്യന്നും ഭാര്യക്കും പിന്നേയുംസാധുക്കളായി ജീവിക്കേണ്ടിവന്നു.

അവൻ മീൻപിടുത്തം തുടങ്ങി. മൂന്നാമതും ഒരു ദിവസം ആ സ്വർണ്ണമീനിനെ അവൻ പിടിച്ചു. ഈ പ്രാവശ്യം മീൻ ഇങ്ങിനെ പറഞ്ഞു, "കേൾക്കു, ഞാൻ പറയുന്നതു കേൾക്കു. എന്നെ ആറു കഷണങ്ങളാക്കി മുറിക്കുക. രണ്ടു കഷണം നിങ്ങളുടെ ഭാര്യക്കു തിന്നാൻ കൊടുക്കുക. രണ്ടു കഷണം നിങ്ങളുടെ കുതിരക്കും. രണ്ടു കഷണം തോട്ടത്തിൽ കുഴിച്ചിടുക. അങ്ങിനെ ചെയ്താ

ൽ നിങ്ങൾക്ക എന്നെന്നും സുഖമായി ജീവിക്കുവാൻ സാധിക്കും"

മീൻ പറഞ്ഞതുപോലെതന്നെ അവൻ രണ്ടു കഷണം ഭാൎയ്യക്കും രണ്ടു കഷണം അവന്റെ കുതിരക്കും തിന്നാൻ കൊടുത്തു. രണ്ടു കഷണം തോട്ടത്തിൽ കുഴിച്ചിടുകയും ചെയ്തു. കുറെ ദിവസം കഴിഞ്ഞപ്പോൾ ഭാൎയ്യ രണ്ടു സ്വൎണ്ണക്കുട്ടികളെ പ്രസവിച്ചു. കുതിരയും രണ്ടു സ്വൎണ്ണക്കുതിരക്കുട്ടികളെ പെററു. തോട്ടത്തിൽ കുഴിച്ചിട്ട രണ്ടു കഷണങ്ങളിൽനിന്നു രണ്ടു പനിനീർച്ചെടികളും മുളച്ചു വളൎന്നുവന്നു.

കുറേ കൊല്ലങ്ങൾ അങ്ങിനെ കഴിഞ്ഞുപോയി. ആ സ്വൎണ്ണക്കുട്ടികൾ വളൎന്നു. ഒരു ദിവസം അച്ഛനോടു അവർ പറഞ്ഞു, "അച്ഛാ, ഞങ്ങൾ കുതിരപ്പുറത്തു പോയി നാടുകാണുവാൻ ആഗ്രഹിക്കുന്നു. അതിന്നു സമ്മതം തരിക." അതുകേട്ടപ്പോൾ അച്ഛൻ വളരെ വ്യസനിച്ചു. ആ കുട്ടികൾക്ക വല്ല ആപത്തും സംഭവിച്ചെങ്കിലോ എന്നായിരുന്നു അവൻ ഭയപ്പെട്ടതു്. അച്ഛന്റെ വിസമ്മതത്തിന്നുള്ള കാരണം എന്തെന്നറിഞ്ഞപ്പോൾ ആ കുട്ടികളിൽ മൂത്തവൻ ഇങ്ങിനെ പറഞ്ഞു, "ഞങ്ങൾക്ക വല്ല ആപത്തും നേരിടുമ്പോൾ നമ്മുടെ പനിനീർച്ചെടികൾ വാടിനില്ക്കുന്നതായി കാണപ്പെടും. അഥവാ, ഞങ്ങൾക്ക മരണംതന്നെ സംഭവിച്ചുവെങ്കിൽ ആ ചെടികൾ ഒടിഞ്ഞുവീഴും. ആ ചെടികളെ നോക്കീട്ടു അച്ഛനു

ഞങ്ങളുടെ വത്തമാനം അറിയുവാൻ സാധിക്കും. ഞങ്ങളെ പറഞ്ഞയക്കുക." ഒടുവിൽ അച്ഛൻ മനസ്സില്ലാമനസ്സോടെ അവർ പോകാൻ സമ്മതിച്ചു.

കുട്ടികൾ രണ്ടുപേരും അവരുടെ സ്വർണ്ണക്കുതിരകളുടെ പുറത്തു കയറിപ്പോയി. കുറെ ദൂരം പോയപ്പോൾ അവർ ഒരു സത്രത്തിൽ വന്നുചേൎന്നു. സത്രത്തിലെ ആളുകളെല്ലാം അവരുടെ സ്വർണ്ണനിറംകണ്ടിട്ടു അവരെ നോക്കി ചിരിക്കുവാനും പരിഹസിക്കുവാനും തുടങ്ങി. ഇളയകുട്ടിക്കു ഈ പരിഹാസം സഹിക്കാൻ കഴിഞ്ഞില്ല. അവൻ പിറേറന്നു രാവിലെ വീട്ടിലേക്കുതന്നെ മടങ്ങി.

മൂത്തകുട്ടി പിന്നേയും യാത്ര തുടൎന്നു. ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവൻ ഒരു കാട്ടിൽ എത്തി. ഒരു സ്ഥലത്തു ഒരു മാൻ നില്ക്കുന്നതുകണ്ടു. അവൻ മാനിൻെറ നേരെ കുതിരയെ ഓടിച്ചു. മാൻ അതിവേഗത്തിൽ അവിടെനിന്നും പാഞ്ഞുപോയി. അവനും മാനിൻെറ വഴിക്കു അതിവേഗത്തിൽ കുതിരയെ ഓടിച്ചു. ഒടുവിൽ കാട്ടിൻെറ മറുവശത്തെത്തി. മാനിനെ അവിടെയൊന്നും കണ്ടില്ല. അവിടെ ഒരു കുടിലിൻെറ മുൻഭാഗത്തു് ഒരു കിഴവി നില്ക്കുന്നതു് കണ്ടു. ആ കിഴവിയോടു അവൻ ചോദിച്ചു, "നിങ്ങൾ ഈ വഴിക്കു ഒരു മാൻ പോകുന്നതു കണ്ടുവൊ?" അവൾ "കണ്ടു" എന്നു പറയുമ്പോഴേക്കും കുടിലിൻെറ പിന്നിൽനിന്നു ഒരു നായ ഓടിവന്നു അവനെ നോക്കി കുരക്കുവാൻ തുടങ്ങി.

അപ്പോൾ അവൻ, "കര നിൎത്തിക്കോ. അല്ലെങ്കിൽ ഇപ്പോൾ വെടിവെച്ചു കൊന്നുകളയും" എന്നും പറഞ്ഞു അതിൻെറ നേരെ തോക്കുനീട്ടി. ഉടനെ ആ കിഴവി ഒരു രാക്ഷസിയായി കാണപ്പെട്ടു. "എന്ത്! നീ എൻെറ നായയെ വെടിവെച്ചു കൊല്ലുമെന്നൊ? പോ, നീ ഒരു കല്ലായിപ്പോ" എന്നു അവൾ ഉറക്കെ വിളിച്ചുപറഞ്ഞു. ഉടനെ അവനും അവൻെറ സ്വൎണ്ണക്കുതിരയും ഒരുപോലെ കല്ലായിത്തീൎന്നു.

അതേസമയത്തു അവൻെറ അനുജൻ തോട്ടത്തിലെ ഒരു പനിനീൎച്ചെടി വാടി ഒടിഞ്ഞു നിലത്തു വീഴുന്നതു കണ്ടു. അവൻ ഉടനെ അച്ഛൻെറ അടുക്കൽ ഓടിച്ചെന്നു. "അച്ഛാ, ഒരു പനിനീൎച്ചെടി ഒടിഞ്ഞു വീണിരിക്കുന്നു. ജ്യേഷ്ഠന്നു എന്തോ അപകടം പററീട്ടുണ്ടായിരിക്കും. ഞാൻ പോയി നോക്കട്ടെ" എന്നും പറഞ്ഞു അവൻ കുതിരപ്പുറത്തു കയറി കുതിച്ചു. പിറേറന്നു ഉച്ചയാകുമ്പോഴേക്കും അവൻ ആ കാട്ടിൻെറ പുറത്തുള്ള കുടിലിന്നു മുമ്പിൽ എത്തി. ആ കിഴവി കുടിലിന്നു മുമ്പിൽതന്നെ നില്ക്കുന്നുണ്ടായിരുന്നു. അവിടെ അവൻ ഒരു കുതിരയുടെ ആകൃതിയിലുള്ള ഒരു കല്ലു കിടക്കുന്നതു കണ്ടു. അതിൻെറ പുറത്തു അവൻെറ ജ്യേഷ്ഠൻെറ ആകൃതിയുള്ള മറെറാരു കല്ലും. അവന്നു കാൎയ്യമെല്ലാം മനസ്സിലായി. അവൻ കിഴവിയുടെ അടുക്കലേക്കു പോകാതെ ദൂരത്തുതന്നെ നിന്നു. അടുത്തു ചെന്നാൽ അവൾക്കു തന്നേയും ഒരു കല്ലാക്കിത്തീൎക്കുവാൻ സാധിക്കുമെന്നു അ

വൻ മനസ്സിലാക്കിയിരുന്നു. അവൻ അവിടെനിന്നു അവളോടു വിളിച്ചു പറഞ്ഞു, "എൻെറ ജ്യേഷ്ഠനെ ജീവിപ്പിക്കുക. അല്ലെങ്കിൽ നിന്നെ ഞാൻ ഈ നിമിഷം ചുട്ടുഭസ്മമാക്കും." അവൾ വല്ലാതെ ഭയപ്പെട്ടു. അതിനാൽ അവൾ കല്ലായിക്കിടക്കുന്ന കുതിരയേയും ആളേയും ജീവിപ്പിച്ചു. ജീവിച്ചെഴുന്നേററുനിന്ന ജ്യേഷ്ഠനെ അവൻ കെട്ടിപ്പിടിച്ചു ആലിംഗനംചെയ്തു പിന്നെ അവർ രണ്ടുപേരും വീട്ടിലേക്കു കുതിരകളെ തിരിച്ചു. വഴിക്കു ഒരു ആപത്തും കൂടാതെ അവർ വീട്ടിൽ മടങ്ങി എത്തി. അച്ഛനും അമ്മയും അവരെ കണ്ടപ്പോൾ സന്തോഷംകൊണ്ടു കരഞ്ഞുപോയി. അങ്ങിനെ അവരെല്ലാവരും കൂടി വളരെക്കാലം സുഖമായി പാർത്തു.

---

KOTTAYAM PUBLIC LIBRARY * KOTTAYAM *

# മൂന്നു സംഗീതവിദ്വാന്മാർ

വളരെക്കാലംമുമ്പ് മൂന്നു സംഗീതവിദ്വാന്മാർ ഉണ്ടായിരുന്നു. അവർ മൂന്നു പേരും നാദസ്വരവിദഗ്ദ്ധരായിരുന്നു. ഒരിക്കൽ അവർ ഒരു നാട്ടിൽ പാൎക്കുമ്പോൾ അവിടെ ഒരു കോട്ടയുണ്ടെന്നു അവൎക്കറിവായി. ആ കോട്ടയെപ്പററി പല കഥകൾ ആ നാട്ടുകാർ പറയുന്നതു അവരും കേട്ടിരുന്നു. അതിന്നുള്ളിൽ എവിടേയോ ഒരു നിധി കുഴിച്ചിട്ടിട്ടുണ്ടു്; ഏതോ ഒരു ദേവത അതിന്നു കാവൽ നില്ക്കുന്നുണ്ടു്; അവിടെ ആരും താമസമില്ലെങ്കിലും നല്ല നല്ല ഭക്ഷണ സാധനങ്ങൾ പാകം ചെയ്യുമ്പോൾ ഉണ്ടാകുന്ന മണം അവിടെനിന്നു വരാറുണ്ടു് എന്നും മററുമാണ് ആ കോട്ടയെ പററി പറഞ്ഞിരുന്നതു്. അതെല്ലാം കേട്ടപ്പോൾ ആ സംഗീത വിദ്വാന്മാൎക്ക് ആ കോട്ടയിലുള്ള നിക്ഷേപം എങ്ങിനെയെങ്കിലും കണ്ടുപിടിച്ചു കൈക്കലാക്കണമെന്നൊരാഗ്രഹം ജനിച്ചു. ആ കോട്ടയിലേക്കു മൂന്നു പേരുംകൂടി ഒരുമിച്ചു പുറപ്പെടുന്നതു നന്നായിരിക്കയില്ലെന്നു അവൎക്കു തോന്നി. മൂന്നാളും ഒന്നിച്ചു അപകടത്തിൽ പെട്ടേക്കുമോ എന്നായിരുന്നു അവരുടെ പേടി. അതുകൊണ്ടു ഓരോരുത്ത

രായി പോകുവാൻ അവർ തീൎച്ചപ്പെടുത്തി. കൂട്ടത്തിൽ ഇളയവൻ ആദ്യം പുറപ്പെട്ടു.

അവൻ കോട്ടക്കരികത്തു എത്തിയപ്പോൾ അതിന്റെ പുറത്തെ വാതിൽ തുറന്നു കിടക്കുന്നതായി കണ്ടു. അവൻ കോട്ടയുടെ അകത്തേക്കു കാൽ വെച്ചതോടുകൂടി ആ വാതിൽ താനേ അടഞ്ഞു. അതു കണ്ടപ്പോൾ അവൻ നാലുപാടും നോക്കി. ആരേയും അവിടെയൊന്നും കണ്ടില്ല. അതോടുകൂടി അവന്നു് ഉള്ളിൽ ഒരു ഭയം തോന്നിത്തുടങ്ങി. എങ്കിലും അവൻ കോട്ടയുടെ ഉള്ളിലേക്കു തന്നെ നടന്നു. ആ വലിയ കോട്ടയുടെ മുകളിലും താഴത്തും എല്ലാ മുറികളിലും പോയി. ഒരിടത്തും ആരും ഉള്ളതായി കണ്ടില്ല; ഒരു ശബ്ദവും കേട്ടില്ല. അവന്റെ നെഞ്ചു് ഉറക്കെ അടിക്കുവാൻ തുടങ്ങി. എങ്കിലും അവൻ ധൈൎയ്യം കൈവിട്ടില്ല. പിന്നേയും അവിടെ ചുററി നടന്നു. ഒടുവിൽ അടുക്കളയിൽ എത്തി. അവിടെ ഒരു മേശപ്പുറത്തു ചോറും അനേകം കറികളും വിളമ്പിവെച്ചിട്ടുള്ളതായി അവൻ കണ്ടു. ആരോ കൈപിടിച്ചു തന്നെ ഒരു കസാലയിൽ കൊണ്ടുപോയി ഇരുത്തുന്നതുപോലെ അവന്നു തോന്നി. ആഹാരം കഴിക്കുവാൻ തുടങ്ങുന്നതിന്നു മുമ്പു് അല്പമൊന്നു നാദസ്വരം വായിക്കുവാൻ അവൻ തീൎച്ചപ്പെടുത്തി, കുഴൽ എടുത്തു വായിക്കുവാൻ തുടങ്ങി. അപ്പോൾ ഒരു ചെറിയ മനുഷ്യൻ വാതിൽ തുറന്നു ഉള്ളിൽ വന്നു അവന്റെ മുമ്പി

ൽ മററൊരു കസേലയിൽ ഇരുന്നു. ആ കുറിയ മനുഷ്യ ൻെറ നീണ്ട വെളുത്ത താടി നിലംവരെ നീണ്ടുകിടന്നി രുന്നു. നാദസ്വരക്കാരൻ പാട്ടുനിർത്തി. അവർ രണ്ടു പേ രും തീൻ തുടങ്ങി. അങ്ങിനെ തിന്നുകൊണ്ടിരിക്കുമ്പോൾ ആ കുറിയ മനുഷ്യൻെറ കൈയ്യിൽനിന്നു അവൻെറ സ്പൂൺ താഴത്തു വീണു. അതെടുത്തു കൊടുക്കുവാൻ നാദസ്വരക്കാരൻ ഒന്നു കുനിഞ്ഞു കൈനീട്ടി. പെട്ടെ ന്നു ആ ചെറുമനുഷ്യൻ അവൻെറ പുറത്തു ചാടിക്കയറി അവനെ കഠിനമായി പ്രഹരിക്കുവാൻ തുടങ്ങി. ഒടു വിൽ അടിമതിയാക്കി അവനെ അവിടെ നിന്നു ഉന്തി ത്തള്ളിക്കൊണ്ടുപോയി കോട്ടക്ക് പുറത്താക്കി വാതിൽ അടച്ചുകളഞ്ഞു. ആ സാധു നാദസ്വരക്കാരനു അടി കൊണ്ടിട്ടുള്ള വേദനകൊണ്ട് നടക്കാൻകൂടി കഴിഞ്ഞില്ല. കുറേ നേരം അവൻ അവിടെത്തന്നെ ഇരുന്നു. പിന്നെ ഒരുവിധം എഴുന്നേററു വീട്ടിലേക്കു നടന്നു. വീട്ടിലെത്തു മ്പോഴേക്കും സമയം അർദ്ധരാത്രിയായിരുന്നു. അവൻെറ സ്നേഹിതന്മാർ നല്ല ഉറക്കിൽ ആണ്ടുകിടക്കുകയാണ്. അവനും ഒരു മുറിയിൽ പോയി ഉറങ്ങാൻ കിടന്നു. പി റേറന്നു രാവിലെ ഉണർന്നെഴുന്നേററപ്പോൾ ചങ്ങാ തിമാർ അവനോടു വർത്തമാനങ്ങളെല്ലാം അന്വേ ഷിച്ചു. എന്നാൽ അവൻ അടി കിട്ടിയ വിവരം അവ രോട് പറഞ്ഞില്ല. "നിധി എവിടെയും ഉള്ളതായി കണ്ടില്ല. എന്നാൽ നല്ല നല്ല സാധനങ്ങൾ തിന്നാൻ കിട്ടി" എന്നു മാത്രം പറഞ്ഞു.


Abu CAN.

ഇതു കേട്ടപ്പോൾ രണ്ടാമത്തേവൻ, "എന്നാൽ ഞാൻ പോയി നോക്കട്ടെ" എന്നു പറഞ്ഞു. അന്നു തന്നെ അവൻ പുറപ്പെട്ടു. അവനും ആ കോട്ടക്കരികത്ത് എത്തി. കോട്ടവാതിൽ തുറന്നു കിടക്കുന്നുണ്ട്. അവൻ അകത്തേക്കു കടന്നു എല്ലാ മുറികളിലും പോയി. ആരേയും എവിടെയും കണ്ടില്ല. ഒരു ശബ്ദവും കേട്ടതുമില്ല. ഒടുവിൽ അവൻ അടുക്കളയിൽ എത്തി. അവിടെ മേശപ്പുറത്തു ചോറും കറിയും വിളമ്പിവെച്ചിരിക്കുന്നതായികണ്ടു. അവൻ ഒരു കസേലയിൽപോയിരുന്നു. തിന്നാൻ തുടങ്ങുന്നതിന്നുമുമ്പ് അവനും അവൻെറ കുഴൽ എടുത്തു വായ്ക്കുവാൻ തുടങ്ങി. അപ്പോൾ മുമ്പേത്തെപോലെ ആ കുറിയ മനുഷ്യൻ മുറിയിലേക്കു വന്നു, ഒരു കസേലയിൽ ഇരുന്നു. അവർ രണ്ടുപേരും ഭക്ഷിക്കുവാൻ തുടങ്ങി. അതിലിടക്ക് ആ കുറിയ മനുഷ്യൻെറ കൈയ്യിലുണ്ടായിരുന്ന സ്പൂൺ താഴെ വീണു. അതെടുത്തുകൊടുക്കുവാൻവേണ്ടി നാദസ്വരക്കാരൻ ഒന്നു തലകുനിച്ചു. ഉടനെ ആ ചെറുമനുഷ്യൻ അവൻെറമേൽ ചാടിവീണു അവനെ പൊതിരേ അടിച്ചു. പിന്നെ അവനേയും ഉന്തിത്തള്ളി കോട്ടക്കു പുറത്താക്കി വാതിൽ അടച്ചു. ആ സാധുവും അടികൊണ്ടു വേദന അല്പമൊന്നു മാറുന്നതുവരെ, അവിടെത്തന്നെ ഇരുന്നു. പിന്നെ വീട്ടിലേക്കു നടന്നു. വീട്ടിൽ എത്തുമ്പോൾ സമയം അർദ്ധരാത്രി കഴിഞ്ഞിരുന്നു. സ്നേഹിതന്മാർ നല്ല ഉറക്കിൽ ആണ്ടുകിടക്കുകയായിരുന്നു. അവനും ഒരു മുറിയിൽചെന്നു

ഉറങ്ങാൻ കിടന്നു. പിറേറന്നു രാവിലെ അവൻെറ സ്നേഹിതന്മാർ അവനോടു, "നിധികണ്ടെത്തിയൊ? കിട്ടിയൊ? കൊണ്ടുവന്നിട്ടുണ്ടോ?" എന്നു ചോദിച്ചു. ആദ്യത്തവൻ പറഞ്ഞതുപോലെത്തന്നെ അവനും "നിധി എവിടെയും കണ്ടില്ല, എങ്കിലും ഒരു ഒന്നാംതരം ശാപ്പാടുകിട്ടി" എന്നു മാത്രം പറഞ്ഞതല്ലാതെ അടിയുടെ വൎത്തമാനം ഒന്നും പുറത്തു വിട്ടില്ല. ഇതുകേട്ടപ്പോൾ മൂന്നാമത്തേവൻ, "നിങ്ങൾ രണ്ടാളേയും ഒന്നിന്നും കൊള്ളില്ല. ഞാൻ പോയി നോക്കട്ടെ" എന്നും പറഞ്ഞു അന്നുതന്നെ അവനും കോട്ടയിലേക്കു പോയി.

അവൻ കോട്ടക്കരികത്തെത്തി. കോട്ടവാതിൽ തുറന്നു കിടക്കുന്നതുകണ്ടു ഉള്ളിലേക്കു പോയി, എല്ലാ മുറികളും നടന്നുനോക്കി. ഒടുവിൽ അടുക്കളയിൽ വന്നു ചേൎന്നു. അവിടെ മേശപ്പുറത്ത് ചോറും കറികളും വിളമ്പിവെച്ചിരിക്കുന്നതായി കണ്ടു. അവൻ ഒരു കസേലയിൽ പോയി ഇരുന്നു. തിന്നാൻ തുടങ്ങുന്നതിന്നുമുമ്പ് അല്പമൊന്നു നാദസ്വരം വായിക്കുവാൻ തീൎച്ചപ്പെടുത്തി. രണ്ടു നിമിഷം കഴിഞ്ഞില്ല, അപ്പോഴെക്കും ആ കുറിയ മനുഷ്യൻ ആ മുറിയിലേക്കു കടന്നുവന്നു. അവനും ഒരു കസേലയിൽ ഇരുന്നു. രണ്ടാളും തീൻ തുടങ്ങി. മുമ്പത്തേപ്പോലെത്തന്നെ ആ കുറിയ മനുഷ്യൻെറ സ്പൂൺ നിലത്തുവീണു. അതെടുത്തുകൊടുപ്പാൻ നാദസ്വരക്കാരൻ തലകുനിച്ചു. എങ്കിലും അവൻ ആ ചെറുമനുഷ്യനിൽനിന്നു അവൻെറ കണ്ണെടുത്തിരുന്നില്ല. ആ കുള്ള

ൻ അവൻെറ പുറത്തു ചാടിക്കയറി. ഉടനെ നാദസ്വരക്കാരൻ അവൻെറ താടി കടന്നുപിടിച്ചു അവനെ നിലത്തേക്കു വലിച്ചിട്ടു. ആ താടി വേർപെട്ടു നാദസ്വരക്കാരൻെറ കൈയിൽകിട്ടി. അയാൾക്കു ഉത്സാഹവും സന്തോഷവും വൎദ്ധിച്ചു. ആ കുറിയ മനുഷ്യൻ, "എൻെറ താടി തിരിച്ചുതരു" എന്നു ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞു. "ഇവിടത്തെ എല്ലാ രഹസ്യങ്ങളും ഞാൻ പറഞ്ഞുതരാം. നിധിയുള്ളതെവിടെയെന്നു കാണിച്ചുതരികയും ചെയ്യാം. എൻെറ താടി തരു" എന്നു അവൻ പിന്നേയും പറഞ്ഞു. നാദസ്വരക്കാരൻ ഒരു സമൎത്ഥനായിരുന്നു; കാൎയ്യങ്ങളെല്ലാം സാധിക്കുന്നതിന്നുമുമ്പു് താടി തിരിച്ചുകൊടുക്കുന്നതു വിഡ്ഢിത്തമാണെന്നു അവൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു അവൻ ഇങ്ങിനെ പറഞ്ഞു, "ശരി താടി മടക്കിത്തരാം. അതിന്നുമുമ്പ് ഈ കോട്ടയിലെ എല്ലാ രഹസ്യങ്ങളും കാണിച്ചുതരിക. അല്ലാതെ മടക്കിത്തരികയില്ല."

വേറെ നിവൃത്തിയൊന്നുമില്ലെന്നു കണ്ടപ്പോൾ ആ ചെറുമനുഷ്യൻ നാദസ്വരക്കാരനേയും കൂട്ടി പുറത്തേക്കു നടന്നു. അവർ വെള്ളംനിറഞ്ഞു ഊക്കോടെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു പുഴവക്കത്തെത്തി. ആ കുറിയ മനുഷ്യൻ അവൻെറ കൈയ്യിലുണ്ടായിരുന്ന ഒരു കുറുവടികൊണ്ടു പുഴയിലെ വെള്ളം ഒരു സ്ഥലത്തു തൊട്ടു. ഉടനെ അതിന്നു നേരെയുള്ള വെള്ളം പുഴയുടെ എതിർവശംവ

രെ രണ്ടായിപ്പിരിഞ്ഞു അവൾക്കു നടന്നുപോകുന്നതിന്നു ഒരു വഴിയുണ്ടാക്കി. പുഴ കടന്നു മറുകര എത്തിയപ്പോൾ നാദസ്വരക്കാരൻ കണ്ട കാഴ്ച്ച വളരെ മനോഹരമായിരുന്നു. അവൻ മുമ്പു കണ്ടിട്ടില്ലാത്ത വൃക്ഷങ്ങളും ലതകളും പുഷ്പങ്ങളും പഴങ്ങളും അവിടെ കാണപ്പെട്ടു. മീതെ ആകാശം സ്വർണ്ണനിറത്തോടുകൂടി ശോഭിച്ചുകൊണ്ടിരുന്നു. അതെല്ലാം കണ്ടപ്പോൾ അവന്നു വളരെ അതിശയം തോന്നി. കുറേക്കൂടി നടന്നപ്പോൾ അവർ മനോഹരമായ ഒരു മാളികയിൽ എത്തി. അവർ അതിന്നുള്ളിലേക്കുപോയി. അവിടെ ഒരുമുറിയിൽ സ്വർണ്ണക്കൂട്ടിൽ ഇട്ടിരുന്ന ഒരു പക്ഷി പാട്ടുപാടിക്കൊണ്ടിരിക്കുന്നു. ഒരു സ്വർണ്ണക്കട്ടിലിൽ കൊതുവലക്കുള്ളിലായി വളരെ സുന്ദരിയായ ഒരു സ്ത്രീ ഉറങ്ങിക്കിടക്കുന്നു. അവളെ ചൂണ്ടിക്കാണിച്ചുകൊണ്ടു ആ ചെറുമനുഷ്യൻ പറഞ്ഞു, "ആ ഉറങ്ങിക്കിടക്കുന്നതു് ഒരു രാജകുമാരിയാണു്. അനവധി നൂററാണ്ടുകളായി അവൾ ഉറക്കമുണരാതെ കിടക്കുന്നു. ആ കോട്ടയും ഈ മാളികയും എല്ലാം അവളുടേതാണ്. ഞാൻ അവളുടെ കാവൽക്കാരനും. എന്റെ താടി വളരെ ശക്തിയുള്ള ഒന്നാണ്. ആ താടിയുള്ള ആളെ ആർക്കും ജയിക്കുവാൻ കഴികയില്ല. അതു ഇപ്പോൾ നിങ്ങളുടെ കൈയ്യിലായി. ഇനി രാജകുമാരിയെ രക്ഷിക്കുവാൻ എനിക്കു ശക്തിയില്ല. അതുകൊണ്ടു ഞാൻ പറയുന്നതുപോലെ ചെയ്യുക. ആ പക്ഷിയെ കൂട്ടിൽനിന്നെടുത്തു കൊല്ലൂ. അതിന്റെ ഹൃദയം തുറന്നെടുത്തു

ചുട്ടുകരിച്ച് പൊടിച്ചു പൊടിയാക്കുക. ആ പൊടി അവളുടെ വായിൽ ഇടുക. അപ്പോൾ അവൾ ഉണൎന്നെഴുന്നേല്ക്കും. പിന്നീട് അവളോടുകൂടി സുഖമായിപാർക്കൂ." ആ കുറിയ മനുഷ്യൻ പറഞ്ഞതുപോലെ നാദസ്വരക്കാരൻ എല്ലാം ചെയ്തു. ആ പക്ഷിയുടെ ഹൃദയം ചുട്ടുകരിച്ച പൊടി രാജകുമാരിയുടെ വായിൽ ഇട്ട ഉടനെ അവൾ കണ്ണു തുറന്നു എഴുന്നേററു. അപ്പോൾ ഇടിവെട്ടുംപോലുള്ള ഒരു ശബ്ദം ഉണ്ടായി. അനവധി ഭൃത്യന്മാർ രാജകുമാരിയുടെ മുമ്പിൽ വന്നുനിന്നു. അവളുടെ കല്പനകൾ കേട്ടു അവർ ഓരോ പണിചെയ്യാൻ തുടങ്ങി.

ഇത്രയുമായപ്പോൾ ആ ചെറുമനുഷ്യൻ "ഇനിയെങ്കിലും എന്റെ താടി മടക്കിത്തരൂ" എന്നു നാദസ്വരക്കാരനോടു പറഞ്ഞു. "തരാം, എന്റെ കൂടെ വരൂ" എന്നു പറഞ്ഞു നാദസ്വരക്കാരൻ രാജകുമാരിയേയും ആ ചെറുമനുഷ്യനേയും കൂട്ടി അവിടെനിന്നു നേരെ ആ പുഴവക്കത്തേക്കു നടന്നു. അവിടെ എത്തിയപ്പോൾ നാദസ്വരക്കാരൻ ആ ചെറുമനുഷ്യന്റെ കൈയ്യിലുള്ള കുറുവടി വാങ്ങി പുഴയിലെ വെള്ളം ഒരു സ്ഥലത്ത് തൊട്ടു. മുമ്പെത്തെപ്പോലെ വെള്ളം നീങ്ങി ഒരു വഴിയുണ്ടായി. അപ്പോൾ നാദസ്വരക്കാരൻ ചെറുമനുഷ്യനോടു പുഴ കടന്നു പോകുവാൻ പറഞ്ഞു. "പോകാം, എന്റെ താടി മടക്കിത്തന്നാൽ ഞാൻ പോകാം" എന്നു അവൻ പറഞ്ഞപ്പോൾ "നീ മറുകര എത്തിയാൽ ഞാൻ താടി എറി

ഞ്ഞുതരും. അതിന്നു മുമ്പു തരില്ല" എന്നു തീൎത്തുപറഞ്ഞു. ആ ചെറുമനുഷ്യൻ മററെന്തു ചെയ്യാനാണു്? അവൻ പുഴയിൽഇറങ്ങി നടന്നു. മറുകര എത്തിയപ്പോ ഠം, ഇനി ഭയപ്പെടാനൊന്നുമില്ല എന്നു കരുതി നാദസ്വ ക്കാരൻ ചെറുമനുഷ്യന്റെ താടി അവന്നു അക്കരെക്കു് എറിഞ്ഞുകൊടുത്തു.

നാദസ്വരക്കാരനും രാജകുമാരിയും മാളികയിലേക്കു മടങ്ങിവന്നു സുഖമായി പാൎത്തു.

---

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No MF9 ........ RAU.K Acc. No 82047

This book should be returned on or before the date last stamped below.

19 SEP 1984

2 APR 2020

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 82047

RAG-K

രാഘവൻ നായർ. ടി

കാട്ടിലെ വീട്

RAG